മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 54 | THE ONLINE OFFICIAL NEWS BULLETIN | 2024 December 19

SEASON OF THE ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
22	23	24	25	26	27	28
Sunday before the Feast of Nativity	23rd Mem. of N.K.Koruthu Malpanachan (Vadavukodu)		Yeldo (Christmas) The Feast of Nativity of our Lord ✠	Nusrotho/Kuloso Glorification of St. Mary, the Mother of God 38th Memorial of Yacob Mar Policarpos Metropolitan ✠ (Koratty Zion Seminary)	Qetlo d-Yalude Massacre of the Holy Infants	
8	4	8	1	1	8	8



ഇന്ത്യൻ ക്രിസ്ത്യൻ പാർലമെന്റേറിയൻസ് കൗൺസിൽ നടത്തിയ ക്രിസ്മസ് ആഘോഷത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ആന്റോ ആന്റണി എംപി, മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, ഫാ. സിജോ പന്തപ്പള്ളിൽ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, താരിഖ് അൻവർ, എംപി മാരായ കൊടിക്കുന്നിൽ സുരേഷ്, ശശി തരൂർ എന്നിവർ സമീപം.



On December 12, the Russian Embassy in India hosted an official reception to bestow the Order of Friendship on H.H. Baselios Marthoma Mathews III. During the auspicious ceremony, Denis Alipov, Ambassador of Russia to India, noted the Catholicos's constant work to develop dialogue between the sisterly Russian and Malankara Orthodox Syrian Churches as well as his humanitarian and philanthropic endeavors, including the launch of cooperation between the Central Clinical Hospital of St Alexis, Metropolitan of Moscow, and St George's Hospital in Kerala. The audience was also addressed by Dr Youhanon Mar Demetrios, Metropolitan of Delhi Diocese of the Malankara Orthodox Syrian Church.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കണ്ടനാട് വെസ്റ്റ് മെത്രാസനത്തിന്റെ വാർഷികവും ജനറൽ അസംബ്ലിയും മുളക്കുളം മണ്ണൂക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ അങ്കണത്തിൽ പ. മാത്യൂസ് തൃതീയൻ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഭദ്രാസന സഹായ മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ് സമീപം.



കണ്ടനാട് ഈസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം കണ്ണ്യാട്ടുനിരപ്പ് മേഖലയുടെ ഏകദിന സമ്മേളനം വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഡോ. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു.



ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസനം കർഷക കൂട്ടായ്മയായ കതിർ എന്ന പ്രസ്ഥാനം ഭദ്രാസനത്തിലെ സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന 'ഏദൻ തോട്ടം' കൃഷിതോട്ടം പദ്ധതിയുടെ ഭദ്രാസനതല ഉൽഘാടനം ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ നിർവ്വഹിച്ചു.

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

എ. ഡി. 1926–നു കൊല്ലം 1101 മകരം 13–നു മുതലുള്ള ഡയറി.

72. വലിയപാറേട്ട് മാത്യൂസ് കത്തനാർക്ക്. പ്രിയനെ, ആ പള്ളി കൈക്കാരനായി ജോലി നടത്തിയിരുന്നവൻ തങ്ങളുടെ ചുമതലകളെ വിശ്വസ്തതയോടും ഇടവകജനങ്ങളുടെ ആഗ്രഹങ്ങളും അഭിപ്രായങ്ങളും അനുസരിച്ചും നടത്തുകയോ പള്ളി കണക്കുകൾ യോഗത്തെ കേൾപ്പിക്കുകയോ ചെയ്യാത്തതിനാൽ ... കർമ്മാദികൾ നിലയ്ക്കൽ പള്ളിയിൽ വച്ചു നടത്തിച്ചു അവരിൽ നിന്നു വരുമാനങ്ങൾ ... അനുവദിച്ചു മുൻ നാം അയച്ചിട്ടുള്ള കല്പന അനുസരിച്ചു നടന്നു വന്നു എങ്കിലും താൻ കത്തനാരുപട്ടം ഏറ്റു പുതുപ്പള്ളി പള്ളിയിൽ കർമ്മാദികൾ നടത്തുവാൻ തുടങ്ങിയതിന്റെ ശേഷം മേല്പറഞ്ഞവരുടെ കർമ്മാദികളും പുതുപ്പള്ളി പള്ളിയിൽ വെച്ചു തന്നെയാണല്ലോ നടത്തിവരുന്നതു. അതിനാൽ തങ്ങളിൽ നിന്നുള്ള പള്ളിവരുമാനങ്ങൾ കൈസ്ഥാനികളുടെ കൈവശം ഏല്പിക്കുന്നതിനു മനസു വക്കുന്നവരായ ഇടവകജനങ്ങളുടെ കർമ്മാദികൾ ഇപ്പോൾ ചെയ്തുവരുന്നപ്രകാരം മേലാലും പുതുപ്പള്ളി പള്ളിയിൽ വച്ചു തന്നെ നടത്തിക്കൊടുത്തു അവരിൽ നിന്നുള്ള കുഴിക്കാണം, പതാരം മുതലായ പള്ളിവരുമാനങ്ങൾ താൻ വാങ്ങി തന്റെ കൈവശം സൂക്ഷിച്ചുകൊള്ളുന്നതിനു നാം അനുവദിച്ചിരിക്കുന്നു. അതിൽ നിന്നു അത്യാവശ്യപ്പെട്ട ചിലവുകൾ ചെയ്തുകൊള്ളുകയും, വരവുചിലവുകൾക്കു കണക്കെഴുതി സൂക്ഷിച്ചുകൊള്ളുകയും ചെയ്യണം. ശേഷം പിന്നാലെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും ...

എന്നു 1926–നു കൊല്ലം 1102 കന്നി 7–നു കോട്ടയം സിമ്മനാരിയിൽ നിന്നും.

73. പാലപ്പിള്ളിൽ പൗലൂസ് കശീശായ്ക്കു. വർത്തമാനങ്ങൾക്കു. 102 കന്നി 9–നു കോട്ടയം സിമ്മനാരിയിൽ നിന്നും.

74. കെ. പി. പുന്നൂസ് വക്കീലിനു. നാളെ പരുമലയ്ക്കു പോകുന്നു എന്നും വഴിക്ക് അതിലേ കയറാമെന്നും മറ്റും. 102 കന്നി 10–നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

75. കെ. സി. മാത്യു ക്ലർക്കിന്. നാളെ പരുമലയ്ക്കു പോകുന്നുയെന്നും എഴുത്തുകൾ മുതലായവ അങ്ങോട്ടയയ്ക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

76. ഒ. എം. ചെറിയാച്ചന്. ഇലന്തൂർക്കാരൻ വി. ജി. തോമസ് എന്നയാൾക്കു വേണ്ടി ഒരു ജോലിക്കു ശുപാർശ. ടി തീയതി.

കന്നി 11–നു കാലത്തു ഏഴു മണിക്കു മാർ ഏലിയാ ചാപ്പലിൽ പോയി സ്ലീബാ പെരുന്നാളിൽ സംബന്ധിച്ചു. തിരികെ ഒരു മണിക്കു പഴയസിമ്മനാരിയിൽ എത്തി. അവിടെനിന്നും രണ്ടര മണിക്കു പരുമലയ്ക്കു വള്ളം കയറി. വഴിക്കു കുറിച്ചിയിൽ പുന്നൂസു വക്കീലിന്റെ വസതി സന്ദർശിച്ചു. അവിടെ നിന്നും രാത്രി 8 മണിക്കു വള്ളം കയറി 12–നു കാലത്തു എട്ടു മണിക്കു പരുമല സിമ്മനാരിയിൽ വന്നുചേരുകയും ചെയ്തു.

77. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. ഇത്രടം വരണമെന്നു. 102 കന്നി 13–നു പരുമല സിമ്മനാരിയിൽ നിന്നും.

78. കെ. സി. മാത്യു ക്ലർക്കിന്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

79. മട്ടയ്ക്കൽ മല്പാനു. ഇവിടെ സുഖമായി എത്തിയെന്നും മറ്റും. 102 കന്നി 14–നു പരുമല സിമ്മനാരിയിൽ നിന്നും.

80. പുലിക്കോട്ടിൽ ശെമ്മാശനു. ശീമ വർത്തമാനങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

81. കറുകയിൽ കൊച്ചൂഞ്ഞിനു. പഴയസിമ്മനാരിയിലെ ചിലവിലേക്കു നെല്ലു കൊടുക്കണമെന്നും, അവിടെ ഇപ്പോൾ നെല്ലു കുറവായിരിക്കയാണെന്നും, അതുകൊണ്ടു മല്പാൻ ആവശ്യപ്പെടുന്ന സമയം മുന്നൂറു പറയിൽ കുറയാതെ നെല്ലു കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

82. വർക്കിപ്പിള്ളയ്ക്കു. വർത്തമാനങ്ങൾക്കും പാലപ്പിള്ളിൽ കത്തനാർക്കു കോ. മു. കോ. ൽ നിന്നും ചെന്ന രണ്ടു നോട്ടീസുകളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

83. സി. എം. തോമസ് & സൺസ്. പന്തളത്തെ മാന്തുക പള്ളിക്കാര്യത്തെപ്പറ്റി കഴിവതു ചെയ്യണമെന്നു. 109 കന്നി 15–നു പരുമല സിമ്മനാരിയിൽ നിന്നും.

84. സി. എം. തോമസ് ശെമ്മാശനു. പത്തനാപുരം ഗത്സീമോൻ പള്ളിക്കാര്യത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

85. ചാക്കോ സൂപ്രണ്ടിനു. വർത്തമാനങ്ങൾക്കും എറണാകുളം പള്ളിക്കാര്യങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

86. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. 102 കന്നി 18–നു പരുമല സിമ്മനാരിയിൽ നിന്നും.

87. മട്ടയ്ക്കൽ മല്പാനു. പൊന്നുംവിലക്കേസു മുതലായ വർത്തമാനങ്ങൾക്കു.

88. വർക്കിപ്പിള്ളയ്ക്കു. ടി കാര്യങ്ങൾ.

89. തയ്യിൽ മാത്തുച്ചനു. ടി കാര്യങ്ങൾ.

90. കെ. സി. മാത്യു (ക്ലർക്ക്). ടി കാര്യത്തെക്കുറിച്ചു കോട്ടയത്തിനു എഴുതിയിട്ടുണ്ടെന്നു.

91. പാലപ്പിള്ളിൽ കത്തനാർക്കു. നോട്ടീസുകൾ കോട്ടയത്തിനു അയച്ച വിവരത്തിനു എഴുതി ചോദിച്ചിട്ടുണ്ടെന്നു.

92. കോട്ടയ്ക്കൽ കൊച്ചൂഞ്ഞിനു. അപ്പന്റെ മരണത്തെപ്പറ്റി അനുശോചന കല്പന. ടി തീയതി. ടി സ്ഥലം.

93. പയ്യമ്പിള്ളിൽ മൂപ്പച്ചനു. പള്ളി സ്ഥലത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

94. സി. എം. ചെറിയാൻ. പി. എ. കൃഷ്ണപിള്ള എന്നയാൾക്കു എന്തെങ്കിലും ഒരു ജോലി കൊടുക്കണമെന്നു. 102 കന്നി 23-നു പരുമല സിമ്മനാരി.

95. മട്ടയ്ക്കൽ മല്പാനും

96. കെ. സി. മാത്യുവിനും. പൊന്നുംവിലക്കേസിനെ സംബന്ധിച്ചും സമരിക്കേസിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

97. ചെറുവത്തൂർ കുര്യപ്പൻ കത്തനാർക്കു. ദീനത്തിൽ വ്യസനിക്കുന്നു എന്നും പത്തു രൂപാ മണിയോർഡർ അയയ്ക്കുന്നുയെന്നും. 102 കന്നി 23-നു പരുമല സിമ്മനാരിയിൽ നിന്നും.

98. പുലിക്കോട്ടിൽ ശെമ്മാശനു. ശീമക്കാര്യങ്ങൾ മുതലായതു. ടി തീയതി.

99. അമ്പലത്തുങ്കൽ മാത്തുവിനു. മുളന്തുരുത്തി പള്ളിക്കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

100. പാലപ്പിള്ളിൽ പൗലൂസ് കശീശായ്ക്കു. വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

101. സി. മാത്തൻ. ... ജോൺ എന്ന കൊച്ചനു ഒരു ഉദ്യോഗം കൊടുക്കുന്നതിനുള്ള ശുപാർശ. 102 കന്നി 25-നു പരുമല സിമ്മനാരി.

102. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾ. 102 കന്നി 27-നു പരുമല സിമ്മനാരിയിൽ നിന്നും.

103. മട്ടയ്ക്കൽ മല്പാനു. കേസുകളെക്കുറിച്ചു.

104. കെ. സി. മാത്യുവിനു. ടി കാര്യങ്ങൾ.

105. കുന്നപ്പടത്ത കൊച്ചുകോശിക്കു. അയാളുടെ ... മരണത്തിൽ അനുശോചനം. ടി തീയതി. ടി സ്ഥലം.

106. തയ്യിൽ കൊച്ചീപ്പച്ചനു. ഇത്രടം വന്നുപോകണമെന്നു. 102 കന്നി 28-നു പരുമല സിമ്മനാരി.

107. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. കേസുകളുടെ കാര്യത്തിനു. 102 കന്നി 28-നു പരുമല സിമ്മനാരിയിൽ നിന്നും.

108. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. അവിടത്തെ കേസു രാജിയായിത്തീർന്നതിൽ സന്തോഷിക്കുന്നു എന്നു. ടി തീയതി.

109. വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു. വർത്തമാനങ്ങൾക്കു.

110. ചക്കിട്ടടത്തു തോമ്മസു കത്തനാർക്കു. വർത്തമാനങ്ങൾ അറിയിച്ചുതരുവാൻ.

111. വെട്ടീപറമ്പിൽ തെക്കേപ്പുറത്തു ഉലഹന്നാച്ചനു. വർത്തമാനങ്ങൾ. അനന്തരത്തിയുടെ കല്യാണകാര്യത്തിൽ മംഗളാമാശംസിച്ചു. ടി തീയതി. ടി സ്ഥലം.

112. തെരുവത്തു മൂപ്പച്ചനു. വർത്തമാനങ്ങൾക്കു. 102 കന്നി 30-നു പരുമല സിമ്മനാരിയിൽ നിന്നും.

113. ചെറുവത്തൂർ ഉതുപ്പച്ചനു. വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

114. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾ. 102 തുലാം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

115. കയ്യാലാത്തു ഗീവറുഗീസു ശെമ്മാശന്. തൽക്കാലം കോട്ടയത്തു പോയി സുറിയാനി പഠിച്ചുകൊള്ളണമെന്നും ഇവിടെ പഠിപ്പിക്കാൻ ആളില്ലെന്നും. സമയം നഷ്ടപ്പെടുത്താതെ പഠിച്ചുകൊള്ളണമെന്നും മറ്റും. 102 തുലാം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

116. കാതോലിക്കാ ബാവായ്ക്കു. ഇവിടത്തെ പെരുന്നാളിനു മുമ്പു കൂട്ടിവരണമെന്നു. 102 തുലാം 3-നു പരുമല സിമ്മനാരി.

117. കുറിയാക്കോസു റമ്പാച്ചനു. ടി കാര്യം. ടി തീയതി.

118. വെങ്ങാഴിയിൽ ചാണ്ടിക്കു. ടിയാന്റെ അമ്മയുടെ മരണത്തെ സംബന്ധിച്ചു അനുശോചിച്ചു.

119. ഇ. ജെ. ഫീലിപ്പോസ് വക്കീൽ. കേസുകളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

120. പാണ്ടങ്കരി പുത്തൻ പള്ളിക്കാർക്കു. പ്രിയരെ, നിങ്ങളുടെ ഈ മാസം ഒന്നാം തീയതിയിലെ അപേക്ഷയും 1100 കർക്കടകം 11-നു മുതൽ 1102 കന്നി 19-നു വരെയുള്ള ആ പള്ളിയുടെ വരവുചിലവുകളുടെ തിരട്ടിന്റെ രണ്ടു പ്രതിയും വികാരി തോമ്മസു കത്തനാർ ഇന്നു നമ്മുടെ അടുക്കൽ കൊണ്ടുവന്നു തന്നു. നിങ്ങളുടെ അപേക്ഷപ്രകാരം ഇന്നു മുതൽ ഒരാണ്ടേക്കു ആ പള്ളിയുടെ ട്രസ്റ്റിയായി നെല്ലൂപ്പറമ്പിൽ വറുഗീസ് വരുഗീസിനെയും കണക്കനായി ചെത്തിപ്പുരയ്ക്കലായ പുളിമൂട്ടിൽ വർക്കി കൊച്ചു കുര്യനെയും ഈ കല്പന മൂലം നാം നിയമിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ടു അവരുടെ ചുമതലകളെ സത്യമായും കൃത്യമായും നടത്തിച്ചുകൊൾകയും, മുൻ ചുമതലക്കാർ ചിലവുനീക്കി ബാക്കി പണം, നെല്ലു മുതലായതും പുതിയ ചുമതലക്കാരെ ഏല്പിച്ചു തങ്ങളുടെ ചുമതല ഒഴിഞ്ഞു കൊടുക്കയും, നിങ്ങൾ അയച്ചുതന്ന പള്ളി വരവുചിലവുകളുടെ തിരട്ടു നാം വായിച്ചു മനസ്സിലാക്കി അതിൽ ഒരു പ്രതി നമ്മുടെ ഒപ്പും മുദ്രയും വെച്ചു തിരികെ അയക്കുന്നതു പള്ളി റിക്കാർട്ടുകളുടെ കൂട്ടത്തിൽ സൂക്ഷിച്ചുകൊള്ളുകയും വേണം.

ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുതി അയക്കുന്നതാണു. എന്നു 102 തുലാം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

121. ചെത്തിപ്പുരയ്ക്കലായ പുളിമൂട്ടിൽ വർക്കി കുര്യൻ മുതൽപേർക്കു. ഇതിലെ വന്നുപോകണമെന്നു. ടി തീയതി. ടി സ്ഥലം.

122. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. തുലാം 4-നു പരുമല സിമ്മനാരി.

123. സ്കറിയാ മല്പാനു. കേസുകളെക്കുറിച്ചും മറ്റും.

124. കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസു കത്തനാർക്കു. കാര്യങ്ങൾ കൊച്ചുമെത്രാച്ചനുമായി ആലോചിച്ചു ചെയ്യാമെന്നു. ടി തീയതി. ടി സ്ഥലം.

125. കിഴക്കേത്തലയ്ക്കൽ ഗീവറുഗീസു ശെമ്മാശനു. ഇങ്ങോട്ടു വരണമെന്നു. 102 തുലാം 9-നു പരുമല നിന്നും.

126. കെ. സി. മാത്യു ക്ലർക്ക്. കേസുകളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

127. വർക്കിപ്പിള്ളയ്ക്കു. ചില കേസുകളെക്കുറിച്ചും മറ്റും. 102 തുലാം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

ഈ മാസം (സുറിയാനി കണക്കിനു) 11-ാം തീയതിയായ കഴിഞ്ഞ ഞായറാഴ്ച ഊർശ്ലേമിൽ വച്ചു മീഖായേൽ കത്തനാർക്കു ദീവന്നാസ്യോസു എന്ന സ്ഥാനത്തിലും, ഒറ്റത്തൈക്കൽ തോമ്മസു കത്തനാർക്കു ദീയസ്ക്കോറോസ് എന്ന സ്ഥാനത്തിലും മെത്രാൻപട്ടം കൊടുത്തതായി കമ്പി വന്നു വിവരം പ്രതിദിനത്തിൽ കാണുന്നു. 102 തുലാം 10-നു.

128. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾ. 102 തുലാം 12-നു പരുമല സിമ്മനാരി.

129. പാറേട്ടു മാത്യൂസ് കത്തനാർക്കു. പെരുന്നാളിനു വരണമെന്നും മറ്റും. 102 തുലാം 13-നു പരുമല.

130. ദാവീദു ശെമ്മാശനു. കയ്യാലാത്തു ശെമ്മാശനു അവിടെ താമസിച്ചു സുറിയാനി പഠിക്കുവാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു.

131. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾ അറിയിച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

132. പി. കെ. ...ക്ക്. തിരുമൂല കുട്ടികൾ ഇവിടെ വരുന്നതിനെക്കുറിച്ചു. തുലാം 15-നു പരുമല.

133. ബഥനി മെത്രാച്ചനു. തിരുമൂലപുരം ബാലികാമഠം വക പണം നാഷണൽ ബാങ്കിൽ കിടക്കുന്നതിനു, ഇമ്പീരിയൽ ബാങ്കിലേക്കു ചെക്കു കിട്ടണമെന്നു ബാലികാമഠത്തിലെ മദാമ്മ സിസ്റ്റർ രൂത്ത് ആവശ്യപ്പെട്ടിരിക്കുന്നതു തൽക്കാലം ആവശ്യപ്പെടരുതെന്നും മറ്റും സിസ്റ്റർ രൂത്തിനോടു പറയണമെന്നും അതിനെപ്പറ്റി വേണ്ടപോലെ ചെയ്യണമെന്നും മറ്റും. 102 തുലാം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

134. മട്ടയ്ക്കൽ മല്പാനും

135. വർക്കിപ്പിള്ളയ്ക്കും. വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

136. മുറന്തൂക്കിൽ മാത്തു കത്തനാർക്ക്. വർത്തമാനങ്ങൾ, സഭാ സംബന്ധമായ കാര്യങ്ങൾ. 102 തുലാം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

137. വക്കീൽ സി. റ്റി. കോശി വൈദ്യന്. മൂത്ത മകന്റെ മരണത്തെക്കുറിച്ചു അനുശോചിച്ചു.

138. പി. കെ. ഇട്ടിമാത്തുവിനു. വർത്തമാനങ്ങൾ.

139. ചുങ്കത്തു ഇയ്യുവിനു. കോയമ്പത്തൂർ പള്ളിക്കാര്യങ്ങളെക്കുറിച്ചും മറ്റും.

140. പാലത്തിങ്കൽ മത്തായി ഇത്തിപ്പിരിക്കു. വർത്തമാനങ്ങൾ മുതലായവ. ടി തീയതി. ടി സ്ഥലം.

141. പി. പി. തൊമ്മൻ മാസ്റ്റർക്കു. സമുദായ കാര്യങ്ങൾ മുതലായ വർത്തമാനങ്ങൾ. 102 തുലാം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

142. സി. എം. തോമസു ശെമ്മാശനു. പെരുന്നാൾ വർത്തമാനങ്ങളും മറ്റും.

143. ചെറുവത്തൂർ മാത്തു ഇത്താപ്പിരിക്കു. അനുജൻ കുര്യപ്പൻ കത്തനാച്ചന്റെ മരണത്തെക്കുറിച്ചു അനുശോചനം. ടി തീയതി. ടി സ്ഥലം.

144. ചാക്കോ സുപ്രണ്ടിനു. മുളന്തുരുത്തി പള്ളിക്കേസിനെക്കുറിച്ചും, പാത്രിയർക്കീസു ബാവായെ സംബന്ധിച്ചും മറ്റും. 102 തുലാം 24-നു പരുമല സിമ്മനാരി.

145. മണ്ണിക്കോയിക്കൽ ഉമ്മൻ ഡേവിഡിനു. വകയാറ്റു പള്ളിയെക്കുറിച്ചുള്ള കാര്യങ്ങൾ.

146. ചിറ്റേത്തു ഡേവീസു തരകനു (പള്ളിക്കര). അപ്പന്റെ മരണത്തിൽ അനുശോചിച്ചു.

147. കെ. സി. മാത്യു ക്ലർക്ക്. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

148. കെ. കെ. കുര്യൻ വക്കീലിന്. ആനിക്കാട്ടു മുറിക്കാരുടെ ശവക്കോട്ട കേസിനെക്കുറിച്ചു. 102 തുലാം 25. പരുമല സിമ്മനാരി.

149. മട്ടയ്ക്കൽ മല്പാനു. പുലിക്കോട്ടിൽ ശെമ്മാശന്റെ കാര്യവും മറ്റും. 102 തുലാം 26. പരുമല സിമ്മനാരി.

150. കെ. സി. ഈപ്പന്. 600 രൂപ ആലപ്പുഴ ബ്രാഞ്ചു മുഖാന്തിരം അങ്ങോട്ടയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

151. പയ്യമ്പിള്ളിൽ മൂപ്പച്ചനു. പള്ളി സ്ഥലത്തെപ്പറ്റി തീർച്ചയായി ഉടൻ അറിയിക്കണമെന്നു. 102 തുലാം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

152. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾ. 102 തുലാം 27-നു പരുമല സിമ്മനാരിയിൽ നിന്നും.

153. മട്ടയ്ക്കൽ മല്പാനു. മധുരയ്ക്കു പോകുന്ന വർത്തമാനങ്ങൾ മുതലായതു. ടി തീയതി. ടി സ്ഥലം.

154. പാലപ്പിള്ളിൽ കശീശായ്ക്കു. ടി. വർത്തമാനങ്ങൾ.

155. തേർവേലിൽ യൗസേപ്പു ശെമ്മാശനു. കയ്യാലാത്തു ശെമ്മാശൻ, പുത്തൻപുരയ്ക്കൽ യാക്കോബു ശെമ്മാശൻ ഇവരെ എം.ഡി. ബോർഡിംഗിൽ താമസിപ്പിക്കണം എന്നും മറ്റും.

156. പുത്തൻപുരയ്ക്കൽ യാക്കോബു ശെമ്മാശന്. എം.ഡി. ബോർഡിംഗിൽ താമസിപ്പിക്കണമെന്നു യൗസേപ്പു ശെമ്മാശനു എഴുതിയിട്ടുണ്ടെന്നു.

157. കയ്യാലാത്തു ഗീവറുഗീസ് ശെമ്മാശനു. മധുരയ്ക്കു പോകുന്നതിനെക്കുറിച്ചും മറ്റും. ടി തീയതി.

158. കൊച്ചുമെത്രാച്ചനു. തെങ്ങുംതോട്ടത്തിൽ അബ്രഹാം ശെമ്മാശനു കത്തനാരുപട്ടം കൊടുക്കുന്നതിനെപ്പറ്റി. 102 തുലാം 30-നു പരുമല സിമ്മനാരിയിൽ നിന്നും.

തുലാം 30-നു കാലത്തു പത്തു മണിക്കു ബഥനി മെത്രാച്ചൻ പാറേട്ട് കത്തനാച്ചൻ ഇവർ ഒന്നിച്ച് കണ്ണിന്റെ ശസ്ത്രക്രിയക്കായി തിരുപ്പത്തൂർക്കു പോകുവാൻ പരുമല സിമ്മനാരിയിൽ നിന്നും കൊല്ലത്തിനു വള്ളം കയറി.

വൃശ്ചികം 1-നു ഉച്ചയ്ക്കു കൊല്ലത്തു അടുത്തു. 4.45-നുള്ള കിഴക്കൻ വണ്ടിക്കു പുറപ്പെട്ടു ചെങ്കോട്ടയിൽ എത്തി. രാത്രിയിൽ ഉള്ള മെയിൽ ട്രെയിനിന് ചെങ്കോട്ട നിന്നും പുറപ്പെട്ടു. 2-നു ഉച്ചയ്ക്കു മധുര സ്റ്റേഷനിൽ എത്തി. അവിടെ റ്റി.ബി. യിൽ കുറച്ചു താമസിച്ചശേഷം തിരുപ്പത്തൂർക്കു കാറു കയറി 4 മണിക്കു തിരുപ്പത്തൂർ ആശുപത്രിയിൽ എത്തി. ഡോ. കുർഗെൽബെർഗ് ഞങ്ങളെ വന്നു കണ്ടു. കണ്ണു നോക്കി. ഒരു മരുന്നു ഒഴിച്ചു. മറ്റു രണ്ടു ഡോക്ടേഴ്സ് കൂടി ഉണ്ടായിരുന്നു.

159. കാതോലിക്കാ ബാവായ്ക്കു. ഇവിടെ എത്തിയതിനെയും, ഇവിടത്തെ വിശേഷങ്ങളെയുംപറ്റി. 102 വൃശ്ചികം 3-നു തിരുപ്പത്തൂർ സ്വീഡിഷ് മിഷൻ ഹോസ്പിറ്റലിൽ നിന്നും.

160. കൊച്ചുമെത്രാച്ചനു. ടി കാര്യങ്ങൾ.

161. മട്ടയ്ക്കൽ മല്പാനു. ടി കാര്യങ്ങൾ.

162. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. ടി കാര്യങ്ങൾ.

163. ഇ. ജെ. ഫീലിപ്പോച്ചനു. ടി കാര്യങ്ങൾ.

164. കരോട്ടുവീട്ടിൽ മത്തയ്ക്കു. നാം ഇവിടെ എത്തിയതിനെക്കുറിച്ചും മറ്റും. 102 വൃശ്ചികം 3-നു തിരുപ്പത്തൂർ ആശുപത്രിയിൽ നിന്നും.

165. തോപ്പിൽ പാപ്പിക്കു. ടി കാര്യങ്ങൾ. ടി തീയതി.

166. വി. എ. വർഗീസിന്. ടി കാര്യങ്ങൾ. ടി തീയതി.

167. ഫീലിപ്പോസു കത്തനാർക്കു. ടി കാര്യങ്ങൾ.

168. ചുങ്കത്തു ഇയ്യുവിനു. ടി കാര്യങ്ങളും കോയമ്പത്തൂർ പള്ളി പിരിവിനെപ്പറ്റിയും. ടി തീയതി.

169. കിഴക്കുംകര മാത്തു പൗലൂസിനു. ഇവിടെ എത്തിയതിനെപ്പറ്റിയും സഭാ സംബന്ധമായ ചില കാര്യങ്ങളും ശീമകാര്യങ്ങളും. ടി തീയതി. ടി സ്ഥലം.

170. കുറിയാക്കോസു റമ്പാച്ചനു. ഇവിടെ എത്തിയതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

171. സി. എം. തോമസ് ശെമ്മാശനു. ടി കാര്യങ്ങൾ.

172. കലയങ്കാട്ടിൽ തോമസു കത്തനാർക്കു. ഇവിടെ എത്തിയതിനെക്കുറിച്ചും മറ്റും. 102 വൃശ്ചികം 5-നു. ടി സ്ഥലം.

വൃശ്ചികം 8-നു ചൊവ്വാഴ്ച കാലത്തു പത്തര മണിക്കു ഡോ. കുർഗെൽബെർഗ്, ഡോ. ഗുരുപാദത്തിന്റെ സഹായത്തോടു കൂടി കണ്ണിനുള്ള ശസ്ത്രക്രിയ നടത്തി.

173. ജോൺ വക്കീലിന്. കേസിനെയും, കണ്ണിന്റെ ശസ്ത്രക്രിയയെയും മറ്റുംപറ്റി. 102 വൃശ്ചികം 19-നു തിരുപ്പത്തൂർ ആശുപത്രിയിൽ നിന്നും.

174. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. ടിയാന്റെ അമ്മയുടെ മരണത്തെപ്പറ്റി അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

175. പൂവത്തൂർ ഫീലിപ്പോസു കത്തനാർക്കു. മൂപ്പച്ചന്റെ മരണത്തെക്കുറിച്ചു അനുശോചിച്ചും കണ്ണിന്റെ കാഴ്ചയെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

176. തറയിൽ കുഞ്ഞുവർക്കിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

177. സി. ഡാനിയേൽ ... (പുനലൂർ). മകളുടെ കല്യാണത്തെക്കുറിച്ചു മംഗളാശംസ.

178. ചാലിൽ യൗസേപ്പു കുഞ്ഞിച്ചെറിയയ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

179. കെ. സി. വർഗീസ് ... (ആറ്റുമാലിൽ) ... വർത്തമാനങ്ങൾക്കും മറ്റും. 102 വൃശ്ചികം 24-നു തിരുപ്പത്തൂർ ആശുപത്രിയിൽ നിന്നും.

180. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കും

181. തയ്യിൽ കൊച്ചീപ്പച്ചനും. വർത്തമാനങ്ങൾക്കു. 102 വൃശ്ചികം 24-നു തിരുപ്പത്തൂർ.

182. ഇ. ജെ. ഫീലിപ്പോസ് വക്കീൽ. കേസുകളെക്കുറിച്ചും, ക്രിസ്തുമസ് വെക്കേഷൻ പ്രമാണിച്ചു ജോൺ വക്കീൽ ഉൾപ്പെടെ എന്നു തിരുവനന്തപുരം വിടുമെന്നു അറിയിക്കണമെന്നും. 102 വൃശ്ചികം 30-നു തിരുപ്പത്തൂർ ആശുപത്രിയിൽ നിന്നും.

183. എറികാട്ടു കൊച്ചുകുഞ്ചപ്പനു. വർത്തമാനങ്ങൾ മുതലായവ. ടി തീയതി. ടി സ്ഥലം.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

പുസ്തകം

മാർത്തോമൻ പൈതൃക സ്മൃതി

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

ഭാരതസഭാ സ്ഥാപകനും, അപ്പോസ്തോലനും രക്തസാക്ഷിയുമായ വി. മാർത്തോമ്മായുടെ മഹാത്യാഗ സമാധിയുടെ 1950-ാം വാർഷികവേളയിൽ പ്രകാശിതമാകുന്ന സ്മാരകഗ്രന്ഥമാണിത്. ഇത് നമ്മുടെ അഭിമാനത്തിന്റെയും, ദൈവസ്തോത്രത്തിന്റെയും, ആത്മഹർഷത്തിന്റെയും നിദർശനമാണ്. പുരാതനമായ മലങ്കരസഭയുടെ പവിത്രമായ അവകാശാംശം ഇതാണ്: "ഇത് തോമസ് അപ്പോസ്തോലനാൽ സ്ഥാപിതമാണ്;" ഇത് ഒരു അപ്പോസ്തോലിക സഭയാണ്. ഇതേ ചരിത്രസത്യമാണ്, സഭകളുടെ അന്താരാഷ്ട്ര കൂട്ടായ്മകളിൽ മലങ്കരസഭയ്ക്ക് അംഗീകാരവും, ചരിത്രപരവും, സഭാപരവുമായ മൂല്യവും നൽകുന്നത്. ഈ സഭ മറ്റാരുടെയും പ്രയത്നഫലമല്ല; മറ്റൊരു സഭാസമൂഹത്തിന്റെയും പുത്രിയുമല്ല. ഇത് നിത്യനൂതനമായ ഒരു തിരിച്ചറിവും പ്രഘോഷണവുമത്രെ. ഈ ആത്മാഭിമാനത്തിന്റെ സുന്ദരവിസ്ഫോടനമായിരുന്നു, സഭാതലസ്ഥാനവും അക്ഷരനഗരിയുമായ കോട്ടയത്ത് നടന്ന "മാർത്തോമ്മൻ സ്മൃതി" മഹാസമ്മേളനം.

ചരിത്രത്തിന്റെ അനിർവചനീയ വഴിത്താരകളിൽ, "മാർത്തോമ്മായുടെ ഇന്ത്യൻ സഭ"യ്ക്കും ഇരുളും വെളിച്ചവും, നിഴലും നിലാവുമെല്ലാം സ്വഭാവേന അനുഭവവേദ്യമായിട്ടുണ്ട്. 'ഏകശിലാരൂപ'മായിരുന്ന മലങ്കരസഭയിൽ, പല വിഭജനങ്ങൾക്കും പ്രതിസന്ധികൾക്കും നിമിത്തമായത് വിദേശസഭകളുടെ ഇടപെടലുകളും, പ്രത്യേകിച്ച് അധിനിവേശ ശ്രമങ്ങളുമായിരുന്നു. സ്വകീയമായ പാരമ്പര്യങ്ങളും, ആരാധനാരൂപങ്ങളും സാംസ്കാരിക വിശേഷതകളുമുള്ള ഇന്ത്യൻ ദേശീയ സഭയിൽ വിദേശ കൈകടത്തലുകൾ, 'ഉരുൾപൊട്ടലുകൾ' സൃഷ്ടിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, അതിന്റെ പ്രകമ്പനങ്ങളും, തുടർചലനങ്ങളും ഇന്നും അസ്തമിച്ചിട്ടില്ല. നീതിന്യായക്കോടതികൾ ശ്രദ്ധാപൂർവ്വം ഇതിൽ വിധിപ്രസ്താവനകൾ നടത്തേണ്ടി വന്നിട്ടുണ്ട് എന്നത് ഗതകാലപരവും, സമീപകാലപരവുമായ ചരിത്രമത്രെ.

'മാർത്തോമ്മൻ സ്മൃതി'യുടെ 1950-ാം വാർഷികപതിപ്പായി ഒരു ഗ്രന്ഥം ചമയ്ക്കണമെന്ന്, പ്രസ്തുത ആഘോഷങ്ങളുടെ 'ആലേഖന സമിതി' നിശ്ചയിച്ചത്, മലങ്കരസഭയുടെ ചരിത്രസത്യങ്ങളും, സവിശേഷതകളും ക്രോഡീകരിച്ച്, ഇന്നത്തെ തലമുറയ്ക്കും, വരുംതലമുറകൾക്കുമായി സമർപ്പിക്കണമെന്നുള്ള സദുദ്ദേശ്യത്തിലാണ്. ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആ യത്നം പൂർത്തീകരിക്കണമെന്ന് സമിതി നിബന്ധനയും വച്ചു. പ്രസ്തുത നിബന്ധന കർശനമായി പാലിക്കപ്പെടുന്നതിന്, സമിതിയുടെ കൺവീനറായ ശ്രീ. ജേക്കബ് ഉമ്മൻ അവർകളുടെ ഇടപെടലുകൾ ഏറെ സഹായകരമായി. മൂന്നു ദളങ്ങളായിട്ടാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം ക്രമപ്പെടുത്തിയിരിക്കുന്നത്.

1. പൈതൃക സ്മൃതി. 2. ഭാസുര സ്മൃതി. 3. ഭരണഘടനാ സ്മൃതി.

ഇങ്ങനെ ഒരു ഭാഗനിർണ്ണയം നടത്തുവാൻ നിശ്ചയിച്ചതിന്റെ കാരണം, 'മാർത്തോമ്മൻ സ്മൃതി'യോടൊപ്പം, സഭാഭാസുരൻ വിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് വലിയ പിതാവിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ 90-ാം വാർഷികം, 1934-ലെ ഭരണഘടനാ ക്രോഡീകരണത്തിന്റെ നവതി എന്നിവയും ചേർന്നു വരുന്നു എന്നതാണ്.

ദളം ഒന്നിൽ മാർത്തോമ്മൻ പൈതൃകത്തെ അനാച്ഛാദനം ചെയ്തിരിക്കുന്നത് സമർത്ഥരായ പണ്ഡിതരാണ്. വിശുദ്ധ വേദഗ്രന്ഥത്തിൽ നിന്നും, ആരാധനാക്രമങ്ങളിൽ നിന്നും, സഭാചരിത്രത്തിൽ നിന്നും, നസ്രാണി കലാരൂപങ്ങളിൽ നിന്നും, "പൈതൃക" കിരണങ്ങൾ ശേഖരിച്ച് അവതരിപ്പിച്ചിരിക്കുന്നത് അന്യാദൃശമാണ്. അതോടൊപ്പം, ആദ്യ ശതകങ്ങളിൽ തന്നെ കടൽ കടന്ന് വിദേശങ്ങൾ വരെ എത്തിയ മാർത്തോമ്മൻ പൈതൃകവും വെളിപ്പെടുത്തിയിരിക്കുന്നു. നസ്രാണികളുടെ സാമൂഹ്യശാസ്ത്രം (സോഷ്യൽ ഹിസ്റ്ററി) എന്ന പ്രമേയം ഏറെ പഠനവിധേയമായിട്ടുള്ള ഒരു ഏടല്ല; എന്നാൽ ചിലരെങ്കിലും അതിലേക്കു വെളിച്ചം വീശിയിട്ടുണ്ടെന്നുള്ളതും വിസ്മരിക്കുന്നില്ല. പരിണിത പ്രജ്ഞനായ സഭാചരിത്രകാരൻ ഇസ്സഡ്. എം. പാറേട്ട് നസ്രാണി സാമൂഹ്യശാസ്ത്രത്തിന്റെ ആഖ്യാനം ചമച്ച മഹാനാണ്.

'മലങ്കരസഭാ ഭാസുരൻ' എന്ന അതുല്യനായ സഭാപിതാവിന്റെ സ്മരണയെ ഭാസുരമാക്കുന്നതാണ് ദ്വിതീയ ദളം. ഇനിയും വളരെയേറെ പഠനവിധേയമാക്കേണ്ട ഒരു മേഖലയാണിത്. അനിതരസാധാരണമായ ആ വ്യക്തിത്വത്തിന്റെ



മാനങ്ങൾ നിരവധിയാകയാൽ, അത് അനായാസേന നിർവഹിക്കാനോ, വിശകലനം ചെയ്യാനോ സാധിക്കുന്നതല്ല. ഇന്നത്തേതിൽ നിന്ന് തികച്ചും വിഭിന്നമായ സാമൂഹ്യ-സഭാ പശ്ചാത്തലങ്ങളിൽ ഒട്ടനവധി പ്രതിലോമ പ്രാരാബ്ദങ്ങളും, ഒടുവിൽ 'തീയിൽ നിന്നു'കൊണ്ട് സഭാഭരണം നിർവഹിച്ച മഹാനുഭാവനായിരുന്നു വിശുദ്ധ ദീവന്നാസ്യോസ്. അസാധാരണമായ മെയ്‌വഴക്കവും, അകളങ്കിത ദൈവാശ്രയവും, ആഴത്തിൽ വേരൂന്നിയ സുകൃതാഭ്യാസങ്ങളുമായിരുന്നു സ്മര്യപുരുഷന്റെ ഈടുവെയ്പ്പുകൾ. അതെല്ലാം ദൈവദത്തമായിരുന്നു എന്ന് നിസ്സംശയം രേഖപ്പെടുത്താം. ഇങ്ങനെയൊരാൾ ജീവിച്ചിരുന്നില്ലെങ്കിൽ, മലങ്കരസഭാ ചരിത്രരേഖ മറ്റൊരു ദിക്കിലേക്കു തിരിഞ്ഞേനേ!

'Time will not dim his glory.'

കർമ്മകുശലനും, അഗാധബുദ്ധിമാനുമായിരുന്ന ഈ മഹാഋഷിയുടെ കോടതിമൊഴികളെ "നിത്യാക്ഷരങ്ങൾ" എന്ന് ഇസ്സഡ്. എം. പാറേട്ട് നാമകരണം ചെയ്തത് ശ്രദ്ധേയമാണ്. 'അക്ഷര'ങ്ങൾ അമരത്വമുള്ള നിത്യതയുടെ പൊരുൾ എന്ന് വ്യവഹരിക്കപ്പെടുന്നു; എങ്കിലും 'അക്ഷര'ത്തോടു ചേർന്ന്, "നിത്യ" എന്ന വിശേഷണം ചേർത്തിരിക്കുന്നത്, ആ പവിത്രമൊഴികൾ ദൈവകാരുണ്യത്തിന്റെ ജ്വാലാമുഖി ആയതുകൊണ്ടായിരിക്കണമല്ലോ. 'ഭാസുരൻ' "കർമ്മസാക്ഷി"യായ സൂര്യനാണ്; അത് എല്ലാം കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ, സഭാഭാസുരനെ അപഗ്രഥിച്ചു വിലയിരുത്താൻ ശ്രമിക്കുന്നത്, അന്ധന്മാർ മത്തേഭത്തെ വിലയിരുത്തി അഭിപ്രായങ്ങൾ പ്രകടിപ്പിച്ചതുപോലെയാകാനേ വഴിയുള്ളൂ! അത്രയ്ക്ക് ഉത്തുംഗമാണ് ആ ഹിമാലയം; അത്രയ്ക്ക് ആഴമുള്ളതാണ് ആ മഹാസമുദ്രം!

എങ്കിലും സഭാഭാസുരൻ, വിനയം, പ്രതിപക്ഷ ബഹുമാനം, മാന്യത, കൃത്യനിഷ്ഠ, വിപദിധൈര്യം, സൂക്ഷ്മദൃഷ്ടി, ദൈവഭയം ഇത്യാദി ഗുണങ്ങളാൽ പൂരിതനായിരുന്നു. വിവിധ സഭകളായി നിന്നാലും, മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം പേറുന്ന എല്ലാവരുടെയും ഒരു ഐക്യം ഉണ്ടാകണമെന്ന് ചിന്തിക്കുകയും, പറയുകയും ചെയ്ത മഹാശയനായിരുന്നു സഭാഭാസുരൻ.

തൃതീയ ദളത്തിൽ, മലങ്കര സഭാഭരണഘടനയുടെ ആവിർഭാവം, ഉള്ളടക്കം മുതലായവയെ പുരസ്കരിച്ചുള്ള ആധികാരിക പഠനങ്ങളാണ്. ഭാരത മഹാരാജ്യത്തിന്റെ ഭരണഘടന ക്രോഡീകരിക്കുന്നതിനു വളരെ മുമ്പ് രൂപം കൊണ്ടതാണ് 1934-ലെ മലങ്കരസഭാ ഭരണഘടന. യഥാർത്ഥത്തിൽ, ഈ ആധികാരിക രേഖ ഒരു വിസ്മയമാണ്. ആധുനിക മലങ്കരസഭയുടെ ഭരണവ്യവസ്ഥയുടെ ആധികാരിക ശിലയാണ് ഈ 'ഘടന.' അത് കേവലം ഒരു 'കൈപ്പുസ്തക'മല്ല. മറിച്ച്, ഭാരതത്തിലെ ഉത്തുംഗ നീതിപീഠം അംഗീകാരമുദ്ര ചാർത്തിയ ആധികാരിക ഗ്രന്ഥമാണ്. ❑

ലേഖനം

മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടനയ്ക്ക് ഒരു ആമുഖം


ഫാ. ഡോ. ജേക്കബ് കുര്യൻ

ആമുഖം

1934 ഡിസംബർ 26-നു കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസാക്കിയ മലങ്കരസഭാ ഭരണഘടന ഒരു വലിയ പോരാട്ടത്തിന്റെയും ഒരു സമവായ സങ്കല്പത്തിന്റെയും രേഖാസാക്ഷ്യമാണ്. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ ദേശീയ സഭയുടെ പൗരസ്ത്യവും, തദ്ദേശീയവും, സ്വതന്ത്രവുമായ, സ്വഭാവം പരിരക്ഷിക്കുവാനുള്ള പോരാട്ടം ഒരു വശത്ത്; പാശ്ചാത്യ സഭകളുടെ അധിനിവേശ ശ്രമങ്ങളെ ചെറുത്തുനിൽക്കുവാൻ ഈ സഭയെ പിന്തുണച്ച അന്ത്യോഖ്യൻ സുറിയാനി സഭയുമായുള്ള ബന്ധം മാന്യമായി തുടരുവാനുള്ള സമവായ ചിന്ത മറുവശത്ത്. സൂക്ഷ്മമായി പരിശോധിച്ചാൽ മലങ്കരസഭാ ഭരണഘടനയുടെ ബലവും ബലഹീനതയും മേല്പറഞ്ഞ രണ്ടുവശങ്ങളെയും ചേർത്തുകൊണ്ടുപോകുവാനുള്ള താല്പര്യമാണ്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനും, ഭരണഘടന ഉണ്ടാകുന്നതിനും മുമ്പുതന്നെ ഇന്ത്യയിലെ ക്രൈസ്തവ സഭ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ഭരണഘടന പാസ്സാക്കിയെന്ന ചരിത്രസംഭവത്തിനു പ്രത്യേക പ്രസക്തിയുണ്ട്. എങ്കിലും, ഭരണഘടനയുണ്ടായിട്ട് ഒരു നൂറ്റാണ്ടാകുമ്പോഴും, മാറിക്കൊണ്ടിരിക്കുന്ന ബാഹ്യവും ആഭ്യന്തരവുമായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഭരണഘടനയെക്കുറിച്ച് ഒരു പുനർവിചിന്തനത്തിനും പ്രസക്തിയുണ്ട്.

1. മലങ്കരസഭയുടെ ഭരണഘടനാ രൂപീകരണത്തിന്റെ ചരിത്ര പശ്ചാത്തലം

മലങ്കരസഭയ്ക്കുള്ളിൽ ബാവാ കക്ഷിയും, മെത്രാൻ കക്ഷിയും എന്ന രണ്ട് കക്ഷികൾ തമ്മിലുള്ള കലഹം കൊടുമ്പിരികൊണ്ടിരിക്കുന്ന ഒരു കാലമായിരുന്നു 1911-നും 1934-നും ഇടയിൽ. മലങ്കരസഭയുടെ സ്വത്തുക്കളും, ഭരണവും കൈയടക്കുവാനുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ളാ രണ്ടാമന്റെ ശ്രമങ്ങളുടെ ഭാഗമായി, 1911-ൽ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസിനെതിരെ മുടക്കു കല്പന പുറപ്പെടുവിച്ചു. എന്നാൽ 1912-ൽ അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ മലങ്കരയിൽ കാതോലിക്കേറ്റ് ആവിഷ്ക്കരിക്കപ്പെട്ടു. 1913-ൽ വട്ടശ്ശേരിൽ തിരുമേനിക്കെതിരെ വട്ടിപ്പണക്കേസ് ആരംഭിച്ചു. പ്രസ്തുത കേസിൽ തനിക്കെതിരെ ഹൈക്കോടതി വിധിയുണ്ടായതിന് ഒരു പുനർവിചാരണ ആവശ്യപ്പെട്ട് വട്ടശ്ശേരിൽ തിരുമേനി സമർപ്പിച്ച അപേക്ഷ 1923-ൽ (1101 മീനം 3) അനുവദിക്കപ്പെട്ടു. ഈ പുനർവിചാരണയുടെ കാലത്ത് ഇരുകക്ഷിയിലും, ഒരു ഊർജ്ജിതമായ സമാധാനകാംക്ഷ ഉണ്ടായി. അതിന്റെ പ്രധാന കാരണം, കേസ്സിന്റെ പരിണിതഫലത്തെ സംബന്ധിച്ച് ബാവാകക്ഷിക്കുണ്ടായ ആശങ്ക തന്നെയായിരുന്നു. 1927-ൽ (1102 കുംഭം 2) കോനാട്ട് മല്പാന്റെ നേതൃത്വത്തിൽ ഇരുവിഭാഗത്തിലെയും നേതാക്കളെ പങ്കെടുപ്പിച്ച് ആലുവയിൽ ഒരു ആലോചനായോഗം നടന്നു. സമാധാനാലോചനകൾ തുടരുവാൻ കോനാട്ടു മല്പാൻ, ഇ. ജെ. ജോൺ, റാവു സാഹിബ്, ഒ. എം. ചെറിയാൻ എന്നിവരെ ചുമതലപ്പെടുത്തി. ഇതു കൂടാതെ, ഈ ആലോചനകൾക്ക് വഴിയൊരുക്കുവാൻ അന്നത്തെ വൈസ്രോയി, ആംഗ്ലിക്കൻ ബിഷപ്പന്മാരായ ഗോർ, വെസ്റ്റ്കോട്ട് എന്നിവരുടെ പരിശ്രമങ്ങളും സഹായിച്ചു. ഈ പശ്ചാത്തലത്തിൽ, മെത്രാൻ കക്ഷിയുടെ നേതാക്കളായ അത്മായ പ്രമുഖരുടെ മനസ്സിൽ ഒരാശയം ഉദിച്ചു. പാത്രിയർക്കീസിനു ഉന്നതമായ സ്ഥാനം നൽകിയും, ഭരണപരമായി മലങ്കര മെത്രാപ്പോലീത്തായുടെ അവകാശം ഉറപ്പിച്ചും, കാതോലിക്കായുടെ കീഴിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ സജ്ജീകരിച്ചും, എപ്പിസ്ക്കോപ്പലും ജനായത്തവുമായ ഒരു ഭരണസംവിധാനം ഉറപ്പാക്കുകയും ചെയ്യുന്ന ഒരു ഭരണഘടന ഉണ്ടായാൽ, ഭിന്നിച്ചു നിൽക്കുന്ന രണ്ടു കക്ഷികളെയും സമാധാനപ്പെടുത്താം എന്ന്.



അതുകൊണ്ട് സഭാസമാധാനത്തിന്റെ ഫോർമുല എന്ന നിലയിൽ ഒരു ഭരണഘടനാ രൂപീകരണത്തെക്കുറിച്ച് അവർ നിർദ്ദേശിച്ചു. അങ്ങനെ, 1928 ഓഗസ്റ്റിൽ കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി, ഒ. എം. ചെറിയാന്റെ നേതൃത്വത്തിൽ ഒരു ഭരണഘടനാ സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഒ. എം. ചെറിയാൻ "നിയമസംഹിത" എന്ന പേരിൽ ഒരു പ്രാഥമികരേഖ തയ്യാറാക്കി പലരുടെയും അഭിപ്രായത്തിനു സമർപ്പിച്ചു. 1930 സെപ്റ്റംബർ 4-ന് പഴയസെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മേല്പടി നടപടികളുടെ തുടർച്ചയായി ഒരു "ഭരണഘടനക്രമം" ഉണ്ടാക്കുവാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരുന്നു: പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, പത്രോസ് മത്തായി, ജേക്കബ് കുര്യൻ, റ്റി. ജോസഫ്, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, ഇ. ജെ. ഫിലിപ്പോസ്, ഡോ. സി. റ്റി. ഈപ്പൻ, റാവു സാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ).

എന്നാൽ ഈ നീക്കങ്ങളോട് അന്നത്തെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസിന് അത്ര യോജിപ്പില്ലായിരുന്നുവെന്നത് ഒരു വസ്തുതയാണ്. സമാധാനം ഉണ്ടാകുന്നതിനോടോ, ഭരണഘടന ഉണ്ടാക്കുന്നതിനോടോ അദ്ദേഹത്തിന് എതിർപ്പില്ലായിരുന്നു. എന്നാൽ ഒരു കക്ഷിയിലുള്ളവർ മാത്രം കൂടി ഇരുകക്ഷിയ്ക്കുംവേണ്ടി ഭരണഘടന ഉണ്ടാക്കുന്നതിന്റെ പ്രായോഗികതയെക്കുറിച്ച് അദ്ദേഹത്തിന് സംശയം ഉണ്ടായിരുന്നു. മാത്രവുമല്ല, മറുകക്ഷിയില്ലാതെ ഒരു കക്ഷി തന്നെ ഒരു സമവായ ചിന്തയിൽ ഭരണഘടനയുണ്ടാക്കി പാസ്സാക്കിയാൽ, സ്വന്തം കക്ഷിയുടെ തന്നെ സ്വാതന്ത്ര്യ നീക്കങ്ങളുടെ സാധ്യതയ്ക്ക് നിയന്ത്രണമേർപ്പെടുത്തുകയേയുള്ളുവെന്നും അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട്, അദ്ദേഹം തന്നെ ഒരു ഭരണഘടനാ നക്കൽ തയ്യാറാക്കി 1932-ൽ "കേരള കേസരി" പത്രത്തിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചതിന് ആമുഖമായി അദ്ദേഹം ഇപ്രകാരം എഴുതി:





മലങ്കരസഭാ ഭരണഘടനാ ശില്പികൾ



1930 സെപ്റ്റംബർ 4-ന് പഴയസെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഭരണഘടന തയ്യാറാക്കുവാൻ നിയമിച്ച കമ്മിറ്റി: പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, ഫാ. റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, പത്രോസ് മത്തായി, ജേക്കബ് കുര്യൻ, ഇ. ജെ. ഫിലിപ്പോസ്, ഡോ. സി. റ്റി. ഈപ്പൻ, റാവു സാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ). റ്റി. ജോസഫ്, സി. പി. തരകൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ എന്നിവരുടെ ഫോട്ടോകൾ ലഭ്യമായിട്ടില്ല.

“നമ്മുടെ സഭയിലെ ഇപ്പോഴത്തെ കക്ഷിവഴക്കുകളും കുഴപ്പങ്ങളും ആലോചിച്ചാൽ ഒരു ഭരണഘടന എഴുതി ഉണ്ടാക്കി ചിലർ മാത്രം ചേർന്ന് പാസ്സാക്കിയതുകൊണ്ട് യാതൊരു ഗുണവും ഉണ്ടാകുവാൻ ഇല്ല. ഭരണഘടന പാസ്സാക്കിയാൽ ആയതു നടപ്പിൽ വരുത്തണം. ഭിന്നിച്ചു നിൽക്കുന്ന കക്ഷികൾ തമ്മിൽ യോജിച്ചു പാസ്സാക്കാത്തപക്ഷം നടപ്പിൽ വരാനും വരുത്തുവാനും പ്രയാസമാണ്. ഘടനയ്ക്കായി ആഗ്രഹിക്കുന്ന ചിലർക്ക് തൽക്കാലം ഒരു സംതൃപ്തി ഉണ്ടായേക്കാമെങ്കിലും നമ്മുടെ സഭയുടെ ഭാവിക്ഷേമത്തെ ആഗ്രഹിച്ചുകൊണ്ട് തൽക്കാല ഉപദ്രവങ്ങളെയും പ്രയാസങ്ങളെയും സഹിച്ചു പരമാർത്ഥ ഹൃദയത്തോടു കൂടി യുദ്ധം ചെയ്യുകയും അതേസമയം തന്നെ നിയമങ്ങൾക്ക് കീഴ്പ്പെട്ടിരിക്കണമെന്ന് നിർബന്ധമുള്ളവരായിരിക്കയും ചെയ്യുന്നവർ ഉണ്ടായിരുന്നാൽ അവരുടെ കൈകാലുകളെ കെട്ടി ഇടുക എന്നുള്ളതായിരിക്കും ഇതിൽ നിന്നുള്ള ഫലം. ഘടന ഉണ്ടാക്കുന്നെങ്കിൽ ഭിന്നകക്ഷികൾ ചേർന്ന് ഒരു ഘടന ഉണ്ടാക്കുകയോ അതിനു സാധിക്കാത്തപക്ഷം കക്ഷികൾ തമ്മിൽ വേർതിരിഞ്ഞിട്ട് ഏതു കക്ഷികളെ ഉദ്ദേശിച്ച് ഉണ്ടാക്കുന്നുവോ ആ കക്ഷിക്ക് ഉപയുക്തമായവിധത്തിൽ ഉണ്ടാക്കുകയോ ആണ് വേണ്ടത്. കക്ഷികൾ തമ്മിൽ യോജിച്ച് ഘടന ഉണ്ടാക്കുകയാണെങ്കിൽ വേറെ ആരെല്ലാം ചേർന്നാലും ചേർന്നില്ലെങ്കിലും മലങ്കരയുള്ള അതാതു ഭാഗത്തെ മേൽപട്ടക്കാരും, പാത്രിയർക്കീസിനെ സംബന്ധിച്ചിടത്തോളമുള്ളത് പാത്രിയർക്കീസും കൂടി ചേർന്നുണ്ടാക്കി പാസ്സാക്കണം. ...” (ഇസ്സഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ പത്താം വാല്യം*, പേജ് 508).

ഭരണഘടനാ സബ്കമ്മറ്റി ഉണ്ടാക്കിയ നക്കലുകളെക്കുറിച്ചും, വട്ടശ്ശേരിൽ തിരുമേനി ഉണ്ടാക്കിയ നക്കലിനെക്കുറിച്ചും ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ 1934 ഫെബ്രുവരി 23-ന് വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തു. അധികം വൈകാതെ, 1934 ഡിസംബർ 26-ന് ഭരണഘടനാ സബ് കമ്മിറ്റി അംഗീകരിച്ച് സമർപ്പിച്ച ഭരണഘടനാരൂപം മലങ്കര അസോസിയേഷൻ പാസ്സാക്കി. ആയത് അന്നു തന്നെ (1110 ധനു 11) പ്രാബല്യത്തിലും വന്നു.

2. 1934-ലെ ഭരണഘടനയ്ക്ക് അടിസ്ഥാനമായി കാണാവുന്ന പ്രധാന സംഭവങ്ങളും രേഖകളും

വേദപുസ്തകവും, ആദിമ സാർവ്വത്രിക സുന്നഹദോസുകളും ഒക്കെ മലങ്കരസഭാ ഭരണഘടനയ്ക്ക് അടിസ്ഥാനപ്പെട്ടതാണെങ്കിലും, പ്രത്യേകമായി 1840 മുതലുള്ള ചില സംഗതികളെയാണ് ഈ ഭാഗത്ത് പരാമർശിക്കുന്നത്.

(1) 1840-ലെ കൊച്ചിൻ പഞ്ചായത്തു വിധി

1840 ഏപ്രിൽ 4-ലെ കൊച്ചിൻ പഞ്ചായത്തുവിധി അഥവാ കൊച്ചിൻ അവാർഡ് ആണ് മലങ്കരസഭാ ഭരണത്തിൽ കൂട്ടുട്രസ്റ്റി സംവിധാനം കൊണ്ടു വരുന്നത്. ട്രസ്റ്റികൾ തെരഞ്ഞെടുക്കപ്പെട്ടവരാകണമെന്നും ഈ വിധിയിൽ പറഞ്ഞിരുന്നു. ഇതനുസരിച്ചാണ്, മെത്രാപ്പോലീത്തൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നീ സ്ഥാനങ്ങൾ മലങ്കരസഭാ ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെടുന്നത് (ചർച്ച് മിഷണറി സൊസൈറ്റിയും, മലങ്കര മെത്രാൻ ചേപ്പാട് മാർ ദീവന്നാസ്യോസും തമ്മിലുണ്ടായ സെമിനാരി സംബന്ധമായ അവകാശത്തർക്കത്തിന്മേലായിരുന്നു കൊച്ചിൻ അവാർഡ് അഥവാ, കൊച്ചിൻ പഞ്ചായത്ത് വിധി).

(2) 1852-ലെ (മിഥുനം 9) "കൊല്ലം പഞ്ചായത്ത്" വിധിയനുസരിച്ച് മലങ്കര മെത്രാപ്പോലീത്താ, മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിന്നുള്ള നാട്ടുകാരനായ മെത്രാനായിരിക്കണം എന്ന നിരീക്ഷണം, ഭരണകാര്യത്തിൽ വിദേശീയരായ സഭാതലവന്മാർക്ക് നിയന്ത്രണം വരുത്തുന്നതായിരുന്നു.

(3) 1853-ൽ (1028 കുംഭം 2) മലങ്കര മെത്രാൻ പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസ് കോട്ടയം സെമിനാരിയിൽ വിളിച്ചുകൂട്ടിയ പള്ളിപ്രതിനിധി യോഗത്തിൽ, സഭയ്ക്ക് 103 ചട്ടങ്ങൾ ഉൾപ്പെട്ട ഒരു ചട്ടവര്യോല ഉണ്ടാക്കി. മലങ്കരയിൽ ഭരണപരമായി, തദ്ദേശീയ വ്യവസ്ഥകൾ ഉണ്ടാക്കിയ ആദ്യ സംഭവമാണിതെങ്കിലും, ഇത് നടപ്പിൽ വരുത്തിയിരുന്നതായി തെളിവുകളില്ല (ഫാ. ഡോ. ജോസഫ് ചീരൻ, *കണ്ടനാട് ഗ്രന്ഥവരി*, പേജ് 60-78).

(4) 1870-ൽ (1045 മകരം 26-ന്) കോട്ടയം സെമിനാരിയിൽ കൂടിയ ഭാഗികമായ ഒരു പ്രതിപുരുഷയോഗം "സഭയ്ക്ക് ഇനിമേൽ ഒരു ആലോചനക്കൂട്ടം വേണ്ടിയിരിക്കുന്നു" എന്നും, ആയത് "മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങളും" ഉൾപ്പെട്ടതായിരിക്കണമെന്നും നിശ്ചയിച്ചു (ഈ യോഗം പാലക്കുന്നത്തു മെത്രാച്ചന്റെ കല്പനപ്രകാരമാണ് കൂടിയത്. *കണ്ടനാട് ഗ്രന്ഥവരി*, പേജ് 154-156 കാണുക).

(5) മേല്പറഞ്ഞ ആലോചനക്കൂട്ടം 1870-ൽ (1045 മിഥുനം 22-ന്) കൂടി ഇരുപതു ഭരണപരമായ തീരുമാനങ്ങൾ ചെയ്തു (*കണ്ടനാട് ഗ്രന്ഥവരി*, പേജ് 159-162).


(6) 1873-ൽ (1049 ചിങ്ങം 27) ന്, പരുമല സെമിനാരിയിൽ, പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ വിളിച്ചുകൂട്ടി യൂയാക്കീം മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ച പരുമല സുന്നഹദോസ് ഒരു സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഉണ്ടാക്കേണ്ടതുൾപ്പെടെ ഇരുപത്തിയേഴു ഭരണപരമായ തീരുമാനങ്ങൾ ചെയ്തു (*കണ്ടനാട് ഗ്രന്ഥവരി*, പേജ് 191-198).

(7) 1876 മിഥുനം 15 മുതൽ നാലു ദിവസം മുളന്തുരുത്തിപ്പള്ളിയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസ്, മലങ്കര മെത്രാൻ അദ്ധ്യക്ഷനായി സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരിക്കുവാനും, ആയതിന് പ്രധാന കമ്മറ്റിയായി എട്ട് വൈദികരെയും പതിനാറ് അയ്മേനികളെയും തീരുമാനിച്ചു (ഇവിടെയാണ് മലങ്കര അസോസിയേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും ആരംഭം. *കണ്ടനാട് ഗ്രന്ഥവരി*, പേജ് 610-630).

(8) 1878-ൽ (1053 കുംഭം 3) പരുമലയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര അസോസിയേഷൻ, മാർ ദീവന്നാസ്യോസ് പ്രസിഡന്റും, മറ്റ് ആറ് മെത്രാന്മാരും, 17 എ ക്ലാസ്സ് അംഗങ്ങളും ഉള്ള മാനേജിംഗ് കമ്മിറ്റിയെ വിപുലീകരിച്ചു (ഇതനുസരിച്ചാണ് ഭരണമുള്ള മെത്രാന്മാർ, മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുന്ന വകുപ്പുണ്ടാകുന്നത്).

(9) 1879-ൽ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ, പാലക്കുന്നത്തു തോമസ് അത്താനാസ്യോസിനെതിരെ ഫയൽ ചെയ്ത സെമിനാരിക്കേസ്സിൽ, പുലിക്കോട്ടിൽ തിരുമേനി സമർപ്പിച്ച ഹൂദായ കാനോൻ പതിപ്പിൽ പാത്രിയർക്കീസിന് പൗരസ്ത്യ സഭയുടെമേൽ അധികാരമുള്ള ചില വകുപ്പുകൾ ഉണ്ടായിരുന്നു (ഈ പതിപ്പ് വൈകല്യമുള്ളതാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടുവെങ്കിലും, മലങ്കരസഭയുടെ അംഗീകൃത കാനോൻ ഹൂദായ കാനോനാണെന്നും, പാത്രിയർക്കീസിന് ഉന്നതമായ ഒരു സ്ഥാനം സഭയിലുണ്ടായിരിക്കണമെന്നും ഇതു മൂലം വന്നു കൂടി).

(10) 1879-ലെ സെമിനാരിക്കേസിൽ, എതിർ കക്ഷിയായ തോമസ് അത്താനാസ്യോസ് ഹാജരാക്കിയ "മലങ്കര കാനോൻ" പലതുകൊണ്ടും ശ്രദ്ധേയ


കേരളകേസരി

സുറിയാനിസഭയുടെ ഭരണഘടനയേക്കുറിച്ചുള്ള
അഭിപ്രായങ്ങൾ
—[:o:]—
മലങ്കരയുടെ നി. വ. ദി. ശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്

മാണ്. 15 അദ്ധ്യായങ്ങളുള്ള പ്രസ്തുത 'കാനോൻ' യഥാർത്ഥത്തിൽ ഒരു ഭരണഘടനാ രൂപമാണ് (ആയത് അന്ന് "നടപ്പിലിരുന്ന" വ്യവസ്ഥകളാണോ എന്നത് സംശയാസ്പദമാണ് എങ്കിലും അതിന് തദ്ദേശീയമായ ഒരു ഭരണരീതിയുടെ പല നല്ല ലക്ഷണങ്ങളും ഉണ്ട്).

(11) 1889-ലെ റോയൽ കോടതി വിധിയിൽ (സെമിനാരികേസ്), മലങ്കര മെത്രാൻ, പാത്രിയർക്കീസിനാൽ അംഗീകരിക്കപ്പെട്ടും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടും ഉള്ള നാട്ടുകാരനായ മെത്രാനായിരിക്കണം എന്നു സൂചന നൽകി (ഈ വിധിയുടെ ചുവടുപിടിച്ചാണ് മലങ്കരസഭാ ഭരണഘടനയിൽ മലങ്കര മെത്രാപ്പോലീത്തായെക്കുറിച്ചും, പാത്രിയർക്കീസിനെക്കുറിച്ചും ഉള്ള വകുപ്പുകൾ രൂപപ്പെട്ടത്).

(12) 1909-ൽ സെന്റ് ക്രിസോസ്റ്റം സൊസൈറ്റിയുടേതായി മലയാള മനോരമ പ്രസിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച ലഘുലേഖയാണ് "സുറിയാനി സഭാഭരണം" എന്നത്. ഇതിന്റെ പ്രധാന ഊന്നൽ ജനായത്തപരമായ അനേകം കാര്യങ്ങളിലാണ്. മലങ്കര സുറിയാനി അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി, സമുദായം വക സ്വത്തുക്കളുടെ ഭരണം, ഇടവകഭരണം മുതലായ വകുപ്പുകളിൽ അയ്മേനികളുടെ നിർണ്ണായക സ്ഥാനം ഈ രേഖ വ്യക്തമാക്കുന്നു (ഒരുപക്ഷേ, വളർന്നു വന്നിരുന്ന 'എപ്പിസ്ക്കോപ്പൽ" ഊന്നലിനെ ചെറുത്തുനിൽക്കുവാനുള്ള ഒരു പരിശ്രമം ആയിരുന്നിരിക്കാം ഇത്. ഏതായാലും, മലങ്കരസഭ എപ്പിസ്ക്കോപ്പലാണോ, കോൺഗ്രിഗേഷണൽ ആണോ എന്ന ചർച്ച സുപ്രീം കോടതിയിൽ പോലും നടന്നതിനു പിന്നിൽ, മേല്പറഞ്ഞ ലഘുലേഖയുടെ ഒരു പിന്തുടർച്ചാതരംഗം ശ്രദ്ധിക്കപ്പെടേണ്ടതാണ്).

(13) 1912-ലെ മലങ്കര കാതോലിക്കേറ്റിന്റെ ആവിഷ്ക്കരണം, മലങ്കരസഭാഭരണഘടനയിൽ ശ്രദ്ധേയമായ ഒരു സ്ഥാനം അലങ്കരിച്ചു.

(14) 1928/29-ൽ റാവു സാഹിബ് ഒ. എം. ചെറിയാൻ തയ്യാറാക്കിയ 'നിയമസംഹിത" എന്ന ലഘുലേഖ മസങ്കരസഭാ ഭരണഘടനയുടെ ഏറ്റവും പ്രാഥമിക രേഖയാണ്.

(15) 1932-ൽ വട്ടശ്ശേരിൽ തിരുമേനി സ്വതന്ത്രമായി തയ്യാറാക്കിയ ഭരണഘടനാ നക്കൽ അതിപ്രധാനമായ ഒരു രേഖയാണ് (ഇതിലെ ചില വകുപ്പുകൾ അതേപടി, മലങ്കരസഭാ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇതിലെ സഭാദർശനം എങ്ങനെയോ അവഗണിക്കപ്പെട്ടു പോയി).

(16) 1932/33-ൽ സഭാഭരണഘടന സബ്കമ്മിറ്റി തയ്യാറാക്കിയ മലങ്കരസഭാ ഭരണഘടനയുടെ നക്കൽ രൂപം ഘടനയിൽ മാത്രം ചില മാറ്റങ്ങൾ വരുത്തി മിക്കവാറും അതേ പടിയാണ് 1934-ലെ അസോസിയേഷനിൽ പാസ്സാക്കിയത് (നക്കലിന്റെ ഘടനയിൽ മാത്രം ചില വ്യത്യാസങ്ങൾ വരുത്തി, 26 അദ്ധ്യായങ്ങളും 144 വകുപ്പുകളും ഉണ്ടായിരുന്നവ, "ഭരണഘടന"യിൽ 13 അദ്ധ്യായങ്ങളും 127 വകുപ്പുകളും ആയി മാറി).

(1934-ലെ ഭരണഘടനയുടെ 121-ാം വകുപ്പനുസരിച്ച് 1951-ൽ ഭേദഗതികൾ വരുത്തുകയും ഭേദഗതി വരുത്തിയ ഭരണഘടനയുടെ 127-ാം വകുപ്പനുസരിച്ച് ഭേദഗതികൾ 1967-ൽ വരുത്തുകയും ഭരണഘടനയിൽ 134 വകുപ്പുകൾ ആക്കുകയും ചെയ്തു. കൂടാതെ സുപ്രീംകോടതി 1996-ലും 1997-ലും ഇറക്കിയ ഉത്തരവിൻപ്രകാരം ഭരണഘടനയുടെ 46, 71 വകുപ്പുകളും ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. 2006-ൽ വരുത്തിയ ഭേദഗതികൾപ്രകാരം ഭരണഘടനയുടെ 46, 71 ഭേദഗതികൾ ഉൾപ്പെടെ വകുപ്പുകൾ 6, 57, 61, 79, 84, 93, 103, 110, 120 എന്നിവയ്ക്കും ഭേദഗതികൾ ഉണ്ടാവുകയും 135-ാം വകുപ്പായി ഒന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. 2011-ലെ ഭേദഗതിപ്രകാരം വനിതകൾക്ക് ഇടവകയോഗത്തിൽ അംഗത്വവും വോട്ടവകാശവും ഭരണസമിതി അംഗത്വവും അതിന്റെ ഫലമായി ഇടവക ഭാരവാഹിത്വവും (കൈസ്ഥാനി, സെക്രട്ടറി) നൽകി.)

3. നിലവിലിരിക്കുന്ന സഭാഭരണഘടനയിൽ നിഴലിക്കുന്ന സഭാഭരണ ദർശനവും അടിസ്ഥാന തത്വങ്ങളും: ഒരു വിലയിരുത്തൽ

(എ) ഭരണഘടനയിലെ സഭാഭരണദർശനം: ഒരു വിലയിരുത്തൽ

ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കാതോലിക്കായും, മലങ്കര ഓർത്തഡോക്സ് സഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ പ്രധാന ഭരണവാഹിയായ മലങ്കര മെത്രാപ്പോലീത്തായും, ഇടവക മെത്രാപ്പോലീത്തായും മെത്രാസന കൗൺസിലും, മെത്രാസന ഇടവകയോഗവും, ഇടവക വികാരിയും, കൈസ്ഥാനിയും, ഇടവക മാനേജിംഗ് കമ്മിറ്റിയും, ഇടവകയോഗവും ഉൾപ്പെട്ട ഒരു സഭാഭരണദർശനം ആണ് മലങ്കരസഭാ ഭരണഘടനയ്ക്കുള്ളത്. ഇത് പ്രധാനമായും, 1934-ലെ സഭാ സാഹചര്യങ്ങളെയും, അതുവരെയുള്ള ഭരണസംവിധാനങ്ങളേയും ചേർത്തുകൊണ്ടുപോകുവാനുള്ള ഒരു ശ്രമത്തിന് അനിവാര്യമായ സഭാഭരണദർശനം എന്നേ പറയാനൊക്കൂ. ഇന്നത്തെ സഭാ സാഹചര്യങ്ങളെയും, ഭാവിയിലേക്കുള്ള ഒരു സഭാദർശനത്തെയും ഗൗരവതരമായിട്ടെടുക്കുകയാണെങ്കിൽ ഒരു സമഗ്ര സഭാഭരണ ദർശനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് തോന്നുന്നു.

(1) ഒരു സഭാഭരണഘടനയെന്നു പറഞ്ഞാൽ അതിൽ, നിറഞ്ഞുനിൽക്കുന്ന ഒരു ആത്മീയതാ മാനം ഉണ്ടായിരിക്കണം. ദൈവരാജ്യം, നിത്യജീവൻ, ക്രൈസ്തവ സാക്ഷ്യം മുതലായ കാര്യങ്ങളെ ദൈവവചനവും വിശുദ്ധപാരമ്പര്യവുമായി ബന്ധിച്ച് സഭാംഗത്വത്തെ നിർവ്വചിക്കുകയും, സഭാംഗത്വത്തിലേക്ക് വരുന്നതെങ്ങനെ, അംഗത്വത്തിൽ തുടരുന്നതെങ്ങനെ, അംഗത്വത്തിൽ നിന്ന് പുറത്താകാവുന്നതെങ്ങനെ എന്ന് വ്യക്തമാക്കുകയും ചെയ്യുന്ന വകുപ്പുകൾ ഉണ്ടാവുകയും ചെയ്യണം.

(2) ഒരു സഭാഭരണഘടനയ്ക്ക് രണ്ട് പ്രധാന വശങ്ങൾ ഉണ്ടായിരിക്കണം. ഒന്ന്, നിയമങ്ങൾ, മാനദണ്ഡങ്ങൾ, അടിസ്ഥാന തത്വങ്ങൾ എന്നിവ വ്യക്തമാകുന്ന കാനോനാകൾ. രണ്ട്, മേല്പറഞ്ഞ കാനോനാകളുടെ പ്രായോഗികത്വവുമായി ബന്ധപ്പെട്ട നടപടി-മാർഗ്ഗനിർദ്ദേശങ്ങൾ. ഇതിൽ, മലങ്കരസഭാഭരണഘടനയ്ക്ക് ആധാരമായി പറയുന്ന ഹൂദായ കാനോൻ, ഒരു സഭാ കാനോൻ എന്ന നിലയിൽ കാലികപ്രസക്തി നഷ്ടമായ, പരിമിതികൾ ഏറെയുള്ള, പുരാതനമായ, ഒരു രേഖയാണ്. അതിൽനിന്ന് സ്വീകരിക്കേണ്ടവയെ സ്വീകരിച്ചുകൊണ്ട്, സഭയ്ക്ക് ഒരു പുതിയ കാനോൻ ഉണ്ടാകേണ്ടത് ആവശ്യമാണ്. സഭയുടെ വിശ്വാസസംരക്ഷണം, കൗദാശികജീവിതം, ആരാധന, നോമ്പ്, പെരുന്നാളുകൾ, ഞായറാഴ്ച, പള്ളി, പള്ളിവരുമാനങ്ങൾ, പട്ടത്വ നിർവ്വഹണം, വിവാഹം, കുടുംബജീവിതം, പിന്തുടർച്ചാവകാശങ്ങൾ, ആത്മീയപ്രസ്ഥാനങ്ങൾ, സന്യാസജീവിതം, ക്രിസ്തീയ ബോധനം, വൈദിക പരിശീലനം, മിഷൻ, എക്യുമെനിക്കൽ ബന്ധങ്ങൾ, മതസൗഹാർദ്ദം, പരിസ്ഥിതിധർമ്മം, അത്മായ പരിശീലനം, മാധ്യമങ്ങൾ, സാമൂഹ്യസാക്ഷ്യം, സാമ്പത്തിക കാര്യവിചാരകത്വം, സ്ത്രീ-യുവജനപങ്കാളിത്തം മുതലായ വിഷയങ്ങളോട് ബന്ധപ്പെട്ട് ആവശ്യമായ നടപടി-മാർഗ്ഗനിർദ്ദേശങ്ങൾ ഒരു ആഗോള സഭാസംവിധാനത്തിൽ ഉരുത്തിരിയണം. ഈ വിഷയത്തിൽ ഇന്നും മാർഗ്ഗനിർദ്ദേശകം ആകാവുന്ന രേഖയാണ് 1879-ലെ "മലങ്കര കാനോൻ."

(3) സഭാഭരണ വ്യവസ്ഥിതിയിൽ അനിവാര്യമായ രണ്ടു ഘടകങ്ങൾ ആണ്, ഏകോപനവും, വികേന്ദ്രീകരണവും, ഇവ രണ്ടും സമന്വയിച്ചു പോകുന്നിടത്തേ ഭരണം കാര്യക്ഷമമാകൂ. ഇപ്രകാരം ഏകോപനവും, വികേന്ദ്രീകരണവും ഇന്നത്തെ ഭരണഘടനയിൽ മതിയായവിധത്തിൽ ഉണ്ടോ എന്ന് സംശയമാണ്. എന്നാൽ അവയെ കുറെയേറെ ഉൾക്കൊണ്ട ഒരു രേഖയായിരുന്നു 1932-ൽ വട്ടശ്ശേരിൽ തിരുമേനി നിർദ്ദേശിച്ച ഭരണഘടനാ-നക്കൽ (അതിനെക്കുറിച്ചുള്ള ഒരു ഗൗരവതരമായ പഠനത്തിന് ഇന്നും പ്രസക്തിയുണ്ട്).

(4) മലങ്കരസഭാ ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനുള്ള സ്ഥാനം, "പൗരസ്ത്യ ഓർത്തഡോക്സ് സഭ" എന്ന പദപ്രയോഗത്തിന്റെ പ്രസക്തി, മലങ്കര മെത്രാപ്പോലീത്തായ്ക്കും കാതോലിക്കായ്ക്കും ഉള്ള അധികാര, സ്ഥാനങ്ങളുടെ വ്യക്തത മുതലായവ പുനർവിചിന്തനം ചെയ്ത് പുനർനിർണ്ണയിക്കേണ്ടത് അത്യാവശ്യമാണ്. 1932-ലോ 1934-ലോ ആയിരുന്ന ചരിത്രസാഹചര്യമല്ല ഇരുപത്തൊന്നാം നൂറ്റാണ്ടിലേത്.

(5) ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്ന് എന്ന നിലയിൽ ബാക്കിയുള്ള ഓറിയന്റൽ സഭകളുമായി വി. കുർബ്ബാനാസംസർഗ്ഗം പാലിക്കുന്നതിലും, അന്ത്യോഖ്യൻ സുറിയാനി സഭയുമായി സുറിയാനി പൈതൃകം പ്രത്യേകമായി പങ്കിടുന്നതിലും അധികമായി, മലങ്കര ഓർത്തഡോക്സ് സഭയെ ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു "വിഭാഗം" എന്നും പൗരസ്ത്യ സുറിയാനി സഭയിൽ "ഉൾപ്പെട്ടതും" എന്നൊക്കെ വിശേഷിപ്പിക്കേണ്ട ആവശ്യമില്ല എന്ന തിരിച്ചറിവ് ഭരണഘടനയിലും പ്രതിഫലിക്കുവാൻ സമയമായിട്ടുണ്ട്.

(6) മാർത്തോമ്മാ ശ്ലീഹായിൽ കൂടി മലങ്കരസഭയ്ക്കു ലഭ്യമായിട്ടുള്ള പൗരോഹിത്യ പിന്തുടർച്ചാ പൂർണ്ണത, അപ്പോസ്തോലികവും തദ്ദേശീയവുമായ പുരാതന സഭാ പൈതൃകം, സാർവ്വത്രിക സുന്നഹദോസുകളുടെ സത്യവിശ്വാസത്തിലുള്ള അടിസ്ഥാനം, മുതലായവ വ്യക്തമാക്കുന്ന ഒരു സ്വത്വദർശനം ഭരണഘടനയിൽ വ്യക്തമാക്കുവാൻ ഇനിയും സാധിക്കേണ്ടിയിരിക്കുന്നു.

(ബി) മലങ്കരസഭാ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ: ഒരു വിലയിരുത്തൽ

മലങ്കര സഭാഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ മൂന്ന് എണ്ണം ആണെന്നു തോന്നുന്നു.

(1) സമവായതത്വം.

(2) തദ്ദേശീയതയും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം.

(3) എപ്പിസ്ക്കോപ്പസിയും ജനായത്തരീതിയും തമ്മിലുള്ള സന്തുലനം ഇവയെക്കുറിച്ചുള്ള ലഘുവായ ഒരു ചർച്ചയിലേക്ക് പ്രവേശിക്കാം.


(1) സമവായതത്വം.

ഭിന്നിച്ചു നിന്ന രണ്ടു കക്ഷികളെ ഒന്നിപ്പിക്കുവാൻ, സമവായതത്വത്തോടെ രൂപപ്പെടുത്തിയ ഒരു ഭരണഘടനയ്ക്ക് കഴിഞ്ഞേക്കും എന്ന നിഷ്ക്കളങ്ക സങ്കല്പം മലങ്കരസഭാ ഭരണഘടനയ്ക്കു പിന്നിലുണ്ട്. പക്ഷെ ഈ സങ്കല്പം ലക്ഷ്യം കണ്ടില്ല എന്നത് ഒരു ചരിത്രസത്യമാണ്. ഈ അപകടസാദ്ധ്യത, വട്ടശ്ശേരിൽ തിരുമേനി വ്യക്തമായി മുൻകണ്ടിരുന്നുവെന്ന് 1932–ൽ അദ്ദേഹം കുറിച്ചിട്ട വാക്കുകൾ തെളിയിക്കുന്നു. അദ്ദേഹം അന്നെഴുതി: ഒന്നുകിൽ രണ്ടുകൂട്ടരും ചേർന്ന് ഭരണഘടനയുണ്ടാക്കണം. അല്ലെങ്കിൽ ഭരണഘടന ആരുണ്ടാക്കുന്നുവോ അവരുടെ സുഗമമായ ഭാവിക്ക് പര്യാപ്തമായ രീതിയിൽ ആയിരിക്കണം എന്ന്. മറുപക്ഷം അംഗീകരിച്ചുകൊള്ളും എന്ന വ്യാമോഹത്തോടെ സ്വയം കൂട്ടിക്കെട്ടിയ അനുഭവമാണുണ്ടായതെന്ന് ആരെങ്കിലും നിരീക്ഷിച്ചു പോയാൽ അതിൽ വലിയ കുറ്റം പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ട് പഴയ സമവായതത്വത്തിന്റെ അപ്രായോഗികതയെ ചരിത്രത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിഞ്ഞ്, വ്യക്തതയുള്ള വകുപ്പുകൾ "പ്രഖ്യാപന" ഭാഗത്ത് ചേർക്കുകയോ, ഇനിയും അനുരഞ്ജന സാദ്ധ്യതയുണ്ടെങ്കിൽ പുതിയ ഒരു സമവായതത്വത്തിനനുസൃതമായി വ്യാഖ്യാന വൈപരീത്യം സംഭവിക്കാത്തതരത്തിൽ ഇരു കൂട്ടരും ചേർന്ന് സഭാഭിന്നതയെ മറികടക്കുന്ന ഭരണഘടനാ ഭേദഗതികൾ വരുത്തുകയോ ചെയ്യുന്നത് അഭികാമ്യമായിരിക്കും.

(2) ഭരണക്രമത്തിലെ തദ്ദേശീയതയും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം

മലങ്കരസഭയുടെ തദ്ദേശീയവും, പൗരാണികവും, സ്വതന്ത്രവുമായ ഭരണവ്യവസ്ഥിതിയുടെ പിന്തുടർച്ചയാണ് "മലങ്കര മെത്രാപ്പോലീത്താ" സ്ഥാനം. പഴയ 'ജാതിക്കുകർത്തവ്യ'ന്റെയും, 'അർക്കദിയാക്കോ'ന്റെയും, 'മാർത്തോമ്മാ'യുടെയും തുടർച്ചയാണ് അത്. അതിനോട് സാർവ്വത്രിക സഭാവ്യവസ്ഥിതിയെ ബന്ധിക്കുവാനായിട്ടാണ് 'കാതോലിക്കാ' സ്ഥാനം മലങ്കരയിൽ ആവിഷ്ക്കരിച്ചത്. ഈ പൊരുത്തശ്രമം പ്രായോഗികമായി ഭരണഘടനയിൽ എത്രമാത്രം വിജയിക്കും എന്നതിലുപരി, താത്വികമായി എത്രമാത്രം ശ്രേഷ്ഠമാണ് എന്ന ചർച്ചയായിരുന്നു അന്നു സജീവം. മാർത്തോമ്മാ ശ്ലീഹായുടെ തന്നെ ശ്ലൈഹിക പാരമ്പര്യത്തിൽ പേർഷ്യൻ സഭയിൽ രൂപപ്പെട്ട സ്വതന്ത്ര കാതോലിക്കേറ്റ് സജീവമല്ലാതിരുന്ന സാഹചര്യത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സഹകരണത്തോടെ ഭാരതത്തിലെ മാർത്തോമ്മൻ പൈതൃകത്തിൽ അതിനെ ആവിഷ്ക്കരിച്ചപ്പോൾ, ഇവിടെ നൂറ്റാണ്ടുകളായി നിലനിന്നുവന്ന സഭാഭരണ വ്യവസ്ഥിതിയെ നിലനിർത്തുവാനും ശ്രദ്ധിച്ചത് പ്രശംസാർഹമാണ്.

എന്നാൽ ഇന്ന് രണ്ടു സ്ഥാനങ്ങളും ഒരാളിൽ സമ്മേളിച്ചിരിക്കുമ്പോൾ രണ്ടിന്റെയും അധികാരാവകാശങ്ങൾ രണ്ടായി ഭരണഘടനയിൽ കൊടുക്കുന്നത് ചില സാഹചര്യങ്ങളിലെങ്കിലും കാതോലിക്കാസ്ഥാനത്തിന്റെ ശോഭ കുറച്ചുകളയുന്നുണ്ട്. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രസിഡന്റ് എന്ന നിലയിൽ തന്നെ കാതോലിക്കാ സ്ഥാനത്തിന്റെയും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന്റെയും അധികാരാവകാശങ്ങളെ സമന്വയിപ്പിച്ച ഒരു ഭരണഘടനാ ഭേദഗതിക്ക് പ്രസക്തിയുണ്ടെന്നു തോന്നുന്നു.


മലങ്കര യാക്കോബായ സുറിയാനി അസോസിയേഷൻ

റവ. ഫാദർ അലക്സിയോസിനെ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക തിരഞ്ഞെടുത്തു.

ഭരണഘടന അൽപം ചില ഭേദഗതികളോടുകൂടി പാസ്സായി

(പ്രത്യേകലേഖകൻ)

കോട്ടയം, ധനു 11

(ഇന്നലത്തെ ലക്കത്തിൽനിന്നുതുടർച്ച)

(3) എപ്പിസ്ക്കോപ്പസിയും ജനായത്തരീതിയും തമ്മിലുള്ള സന്തുലനം

ഭരണഘടനയുടെ രൂപീകരണത്തിടയാക്കിയ ചരിത്രസാഹചര്യം തന്നെ എപ്പിസ്ക്കോപ്പസിയും ജനായത്തരീതിയും തമ്മിൽ വളർന്നു വന്നിരുന്ന, (മറയ്ക്കുള്ളിൽ സജീവമായിരുന്ന) ഒരു അധികാര വിലപേശലായിരുന്നു. മലങ്കരസഭാഭരണഘടനയിൽ ഇതിൽ ഒരു "സന്തുലനം" ഉറപ്പാക്കുവാനുള്ള വ്യഗ്രത വ്യക്തമാണ്. പക്ഷേ, ആത്യന്തികമായി എപ്പിസ്ക്കോപ്പസിയുടെ വിജയം തന്നെയാണ് ഭരണഘടനയിലെ അധികാര മർമ്മങ്ങളുടെ സൂചന. സഭയുടെ ശ്രേയസ്സിനായി ഇച്ഛാശക്തിയോടും കാര്യക്ഷമതയോടും പ്രവർത്തിക്കാൻ ശ്രമിക്കുന്ന എപ്പിസ്ക്കോസിക്ക് അതിന് പൂർണ്ണസ്വാതന്ത്ര്യം ഉറപ്പാക്കുന്ന വകുപ്പുകൾ ഭരണഘടനയിലുണ്ട്. എന്നാൽ എപ്പോഴെങ്കിലും അതിനു മുന്നിട്ടിറങ്ങുവാൻ സാധിക്കാതെ വരുമ്പോൾ, സകല കുഴപ്പത്തിനും ജനായത്തരീതിയിന്മേൽ പഴിചാരാവുന്ന വകുപ്പുകളും ഭരണഘടനയിൽ ഉണ്ട്. ഈ സാദ്ധ്യതകൾ മനസ്സിലാക്കി, ഭരണഘടനയിലെ എപ്പിസ്ക്കോപ്പൽ – ജനായത്ത സന്തുലനത്തെ ശരിയായ പാതയിൽ സഭയ്ക്ക് (വ്യക്തിഗതമായ പ്രതിച്ഛായയ്ക്കല്ല) മുതൽക്കൂട്ടുവാൻ ഇച്ഛാശക്തിയും, കാര്യക്ഷമതയും, സുതാര്യതയും ഉള്ള സഭാനേതൃത്വത്തിന് ഇന്നും കഴിയും എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ വിചിന്തനം ഉപസംഹരിക്കുന്നു.

❑

Article

Saint Thomas the Apostle: Mission and Current Impact

Fr. Joshy P. Jacob
(Nagpur Theological Seminary)

There is a disciple who walked with Christ energetically, saying, 'Let us also go and die with him' (St.John 11:16), giving courage to his fellow disciples. Saint Thomas the Apostle, the father of the Malankara Church. There are some thoughts and lessons that are still outstanding even after 1951 years. In the Gospel, John presents Saint Thomas more eloquently as a disciple who gives courage... a witness to some of the most important teachings of Christ... and a perfect believer who confessed his faith. This is the legacy of the Malankara Church. It is because of the prayers of this great father that the Malankara Church members are able to boldly hold on to their faith and move forward.

The Phase of Mission

The disciples, who were scattered and disheartened by the suffering and crucifixion of Christ, were given great hope by his resurrection. It was because of the indwelling of the Holy Spirit that they took up the mission of spreading the gospel of Christ to all parts of the world... When the teacher was gone, the disciples had to take on some responsibilities... Thus, St. Thomas arrived in the land of Indus, where the Indus Valley Civilization was based, in 52 AD. Historians have presented his arrival and activities in various ways. But what is understood more clearly is that the disciples went to all the places where the people of Israel were scattered. The Lord Jesus says, 'I was not sent except to the lost sheep of Israel' (Matthew 15:24). That is how he arrived by ship in the town of Muziris, where the Jews lived (Pliny the Elder, a sailor and historian of the Roman Empire, recorded Muziris as the first commercial center in India). He had a great mission to inform the Jews about the Savior of the world. But the people of the Sangha period, who worshipped nature and natural phenomena as God, learned about Christ from Saint Thomas the Apostle. A man who performed miracles, healed, and even conquered death...

They realized that Christ was more powerful than the concepts of God they had worshipped until then. The story that says that when water was thrown up, it remained in the air may have originated in this way. Thus, some of them believed and worshipped Christ as the Son of God and ... God, after receiving the Holy Baptism.

The beloved disciple who came to gather the scattered sheep of Israel to Christ did not convert the Gentiles to Christianity by violating the mission. The Holy Apostle Paul says in the Epistle to the Ephesians (2: 11-18), ‘And those who were far off from Christ have been brought near by the blood of Christ.’ When we read further, we see that ‘So then you are no longer strangers and foreigners, but fellow citizens with the saints and members of the household of God.’ Therefore, Marthoma did not hesitate to convert the Gentiles to Christianity and to join them to the body of Christ. He had to endure much persecution for this. It is not an easy task to lead a community to Christ by praising his merits in a country where they were not supposed to know about Christ... However, he established small churches in all the places where he could be reached... He carried out his mission with prayer despite the persecution he had to endure. He may have been eliminated because he taught them to worship the God who had become a man rather than the natural gods that existed until then.

The people of that time who became Christians through the apostle Marthoma were called Malayankara Christians, Malankara Christians, Marthoma Christians, and Nazarenes. Thus, the people of the Malankara Church worshipped together during that period. It is a historical fact that various problems arose in the Malankara Church due to the interventions of foreign powers that later entered Kerala. The greatest uniqueness of the Malankara Church is that despite various foreign powers trying to conquer it, the Indus culture and ritual practices have not been lost to this day.

Current Influence

When the divisions of the churches occurred at various times, it was the Orthodox Church that held fast to the tradition of Saint Thomas the Apostle... Although other churches claim the tradition of Saint Thomas the Apostle without being so zealous, they all follow various other traditions today. No matter which churches are there, the problems of the present generation can be solved only by standing under the single umbrella of the Malankara Church founded by Saint Thomas the Apostle.

We, who claim to be the descendants of Marthoma, who made Christ an experience for a society that did not know Him, are not creating a society that today rejects Christ and his worship and diverts its thoughts to many other things... Are the followers of Christ, who spread the message of love, tolerance and care, forgetting all these... The thoughts of God or good and evil are decreasing in today's generation. What we need to think about to overcome those shortcomings. One reason for this is that the message of love and sharing that should start from families is missing today. In fact.. It is from families that Christ should be shown. Even in the midst of a busy life, while giving the best education in the world to their children... Parents forget to teach Christ. People in the past would show Christ with their lives... We must realize that the absence of this is a disaster for society. We must find out why places of worship are becoming a place that the young generation does not like today. We need to do things to keep them engaged with worship at the right time. We need to remind them that worship should be given priority over celebrations and that there should be spiritual joy along with mental joy. Only if we can transmit Christ in families and places of worship, we can maintain faith through generations.

While we hold fast to the tradition of Saint Thomas, who confessed the faith... who knew Christ... who was courageous... we must be able to transmit the faith, worship and courage that that tradition has given us to generations. It is high time that we should confess our faith not only through words but in proper deeds with the objective of bringing glory to the name of God.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



മിര്യാം



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഹീബ്രു ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട സ്ത്രീ കഥാപാത്രങ്ങളിൽ ഒരാളാണ് അമ്രാമിന്റെയും യോഖേബെദിന്റെയും മകളായ മിര്യാം. മോശയുടെയും അഹറോന്റെയും സഹോദരി എന്ന നിലയിൽ, ഇസ്രായേല്യരുടെ ഈജിപ്തിൽ നിന്നുള്ള പലായനത്തിന്റെയും വാഗ്ദത്ത ദേശത്തേക്കുള്ള അവരുടെ യാത്രയുടെയും വിവരണത്തിൽ അവൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവളുടെ സഹോദരങ്ങളെപ്പോലെ വിശദമായി വിവരിക്കുന്നില്ലെങ്കിലും, അവളുടെ സ്വഭാവവും സംഭാവനകളും നേതൃത്വം, വിശ്വാസം, ഇസ്രായേല്യർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുന്നു. മിര്യാമിന്റെ കഥ പ്രധാനമായും പുറപ്പാട്, സംഖ്യ, മീഖാ എന്നീ പുസ്തകങ്ങളിൽ പ്രതിപാദിക്കുന്നു, ഈ ഗ്രന്ഥങ്ങളിലൂടെ, കുട്ടിക്കാലത്ത് തന്റെ സഹോദരന്റെ സംരക്ഷകനിൽ നിന്ന് ഇസ്രായേലിന്റെ വിമോചനത്തിലെ ഒരു പ്രധാന നേതാവിലേക്കുള്ള അവളുടെ പരിണാമം നമുക്ക് കാണാൻ കഴിയും.

1. പുറപ്പാടിലെ ആദ്യകാല ജീവിതവും പങ്കും (പുറപ്പാട് 2:1-10)

മോശയുടെ ശൈശവാവസ്ഥയിലാണ് മിര്യാമിനെ ആദ്യം കാണുന്നത്. പുറപ്പാട് 2-ൽ, എല്ലാ എബ്രായ ആൺ കുട്ടികളെയും കൊല്ലാൻ ഫറവോൻ ഉത്തരവിടുമ്പോൾ, അപ്പോൾ ഒരു പെൺകുട്ടി മാത്രമായ മിര്യാം തന്റെ സഹോദരന്റെ ജീവൻ രക്ഷിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മോശെയുടെ അമ്മ യോഖേബെദ് അവനെ ഒരു കൊട്ടയിലാക്കി അവന്റെ മരണം ഒഴിവാക്കാൻ നൈൽ നദിയിൽ ഒഴുക്കിവിടുമ്പോൾ, എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ മിര്യാം ദൂരെ നിന്ന് വീക്ഷിക്കുന്നു. മോശയെ കണ്ടെത്തുന്ന ഫറവോന്റെ മകളോട്, കുഞ്ഞിനെ മുലയൂട്ടാൻ ഒരു എബ്രായ സ്ത്രീയെ കണ്ടെത്താമെന്ന് നിർദ്ദേശിക്കാൻ അവൾ മുന്നോട്ട് പോകുമ്പോൾ അവളുടെ ധൈര്യവും പെട്ടെന്നുള്ള ചിന്തയും പ്രകടമാണ്. ഈ പ്രവർത്തനം മിര്യാമിന്റെ വിഭവസമൃദ്ധി, ധൈര്യം, ചെറുപ്പത്തിൽ തന്നെ അവളുടെ കുടുംബത്തോടും ആളുകളോടും ഉള്ള വിശ്വസ്തത എന്നിവ വെളിപ്പെടുത്തുന്നു. ഫറവോന്റെ കുടുംബത്തിൽ വളർന്നപ്പോൾ മോശെ സ്വന്തം അമ്മയാണ് വളർത്തിയതെന്ന് മിര്യാമിന്റെ ഇടപെടൽ ഉറപ്പാക്കുന്നു, ഈ സാഹചര്യം പിന്നീട് ഇസ്രായേല്യരെ മോചിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് നിർണായകമായി തെളിയിക്കും.

മോശയെ സംരക്ഷിക്കുന്ന ഈ പ്രവൃത്തി സമൂഹത്തിനുള്ളിൽ അവളുടെ ഭാവി നേതൃത്വപരമായ ഇടപെടലിന് വേദിയൊരുക്കുന്നു. ഈ സന്ദർഭത്തിൽ അവളുടെ പ്രവർത്തനങ്ങൾ ഉത്കണ്ഠയുള്ള ഒരു സഹോദരിയുടേതാണെന്ന് തോന്നുമെങ്കിലും, ഒരു നിർണായക നിമിഷത്തിൽ ബുദ്ധിയോടെയും ധൈര്യത്തോടെയും പ്രവർത്തിക്കാനുള്ള അവളുടെ കഴിവിന്റെ ആദ്യകാല സൂചനയും ഒപ്പം ഭാവിയിൽ അവളുടെ നേതൃത്വത്തെ നിർവചിക്കുന്ന ഗുണങ്ങളുമാണ്.

ദൈവം മോശയെ സംരക്ഷിക്കുമെന്നും അവളുടെ പ്രവർത്തനങ്ങൾ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാകുമെന്നും വിശ്വസിച്ച് നൈൽ നദിയിലൂടെ ഒഴുകുന്ന തന്റെ കുഞ്ഞു സഹോദരനായ മോശയെ അവൾ നിരീക്ഷിക്കുന്ന നിമിഷം മുതൽ മിര്യാമിന്റെ വിശ്വാസം വ്യക്തമാണ്. ഈ നിർണായക നിമിഷത്തിൽ പ്രവർത്തിക്കാനുള്ള അവളുടെ ധൈര്യം ആധുനിക കാലത്ത് ആവശ്യമായ തരത്തിലുള്ള വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു-അനിശ്ചിതത്വത്തിലോ പ്രയാസകരമായ സാഹചര്യങ്ങളിലോ ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കുക എന്ന പാഠം ഇതിലൂടെ മിര്യാം നമ്മെ പഠിപ്പിക്കുന്നു.

2. പുറപ്പാടിലെ മിര്യാമിന്റെ നേതൃത്വം (പുറപ്പാട് 15:20-21)

ഈജിപ്തിൽ നിന്ന് ചെങ്കടലിലൂടെ ഇസ്രായേല്യർ അത്ഭുതകരമായി രക്ഷപ്പെട്ടതിന് ശേഷം, അവരുടെ വിടുതൽ ആഘോഷിക്കുന്ന ആദ്യ വ്യക്തികളിൽ ഒരാളാണ് മിര്യാം. പുറപ്പാട് 15:20-21-ൽ, അവൾ ഒരു പ്രവാചകിയായി പരാമർശിക്കപ്പെടുന്നു, പാട്ടിലും നൃത്തത്തിലും ഇസ്രായേൽ സ്ത്രീകളെ നയിക്കുന്നു. ഫറവോന്റെ സൈന്യത്തിന്റെ നാശത്തിന് ദൈവത്തെ സ്തുതിക്കുന്ന അവളുടെ ഗാനം, ആഴമായ നന്ദിയും വിശ്വാസവും വെളിപ്പെടുത്തുന്നു. തന്റെ സഹോദരങ്ങളെപ്പോലെ മിര്യാമും അവളുടെ ആത്മീയ ഉൾക്കാഴ്ചയ്ക്കും നേതൃത്വപരമായ കഴിവുകൾക്കും അംഗീകരിക്കപ്പെട്ടതായി മനസിലാക്കാം.

ഒരു നേതാവെന്ന നിലയിലും പ്രവാചകിയെന്ന നിലയിലും മിര്യാമിന്റെ പങ്ക് ഇസ്രായേൽ സമൂഹത്തിലെ അവളുടെ പ്രധാന സ്ഥാനം എടുത്തുകാണിക്കുന്നു. അവളുടെ വിജയഗാനം ചെങ്കടലിലെ വിജയത്തിന്റെ ആഘോഷം മാത്രമല്ല, അവരുടെ ജീവിതത്തിൽ ദൈവത്തിന്റെ സജീവ സാന്നിധ്യത്തിന്റെ അംഗീകാരം കൂടിയാണ്. പാട്ടിലും നൃത്തത്തിലും സ്ത്രീകളെ നയിക്കുന്നതിലൂടെ, ആരാധനയിലും കൃതജ്ഞതയിലും ആളുകളെ പ്രചോദിപ്പിക്കാനും ഒന്നിപ്പിക്കാനുമുള്ള അവളുടെ കഴിവ് അവൾ പ്രകടമാക്കുന്നു. ആഘോഷത്തിന്റെ ഈ നിമിഷം സാമുദായിക ആരാധനയുടെ ശക്തിയെക്കുറിച്ചും ദൈവത്തിന്റെ സംരക്ഷണത്തിലും മാർഗനിർദേശത്തിലും വിശ്വാസം നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും മിര്യാമിന്റെ ധാരണ കാണിക്കുന്നു. ഇത് അവളെ ബൈബിൾ ചരിത്രത്തിലെ സ്ത്രീ നേതൃത്വത്തിന്റെ ഒരു പ്രധാന ഉദാഹരണമാക്കി മാറ്റുന്നു, പലപ്പോഴും പുരുഷ വ്യക്തികൾ ആധിപത്യം പുലർത്തുന്ന ഒരു സംസ്കാരത്തിന് ശക്തമായ എതിർ സാക്ഷ്യം നൽകുന്നു.

3. മിര്യാമിന്റെ വെല്ലുവിളികളും മോശയുമായുള്ള സംഘർഷവും (സംഖ്യ പുസ്തകം 12)

മോശയുമായുള്ള മിര്യാമിന്റെ ബന്ധം പിരിമുറുക്കമുള്ളതാണ്. സംഖ്യ പുസ്തകം 12-ൽ, മിര്യാമും അഹറോനും മോശയ്ക്കെതിരെ സംസാരിക്കുന്നു, അവന്റെ നേതൃത്വത്തെ വിമർശിക്കുകയും അവന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. അവരുടെ പരാതിക്ക് കാരണം ഒരു കൂശ്യ സ്ത്രീയുമായുള്ള മോശയുടെ വിവാഹമാണ്, അത് ജനങ്ങളിൽ നിന്നുള്ള വേർപിരിയലിന്റെ അടയാളമായോ അല്ലെങ്കിൽ അവന്റെ കടമകളിൽ നിന്നുള്ള വ്യതിചലനത്തിന്റെയോ അടയാളമായി അവർ കാണുന്നു. യിസ്രായേല്യരുടെ ഇടയിൽ നേതൃസ്ഥാനങ്ങൾ വഹിച്ചിരുന്ന മിര്യാമും അഹറോനും മോശയുടെ ഉയർന്ന പദവിയിൽ അസൂയയോ നീരസമോ ഉള്ളവരാണെന്ന് തോന്നുന്നു. ദൈവം തിരഞ്ഞെ

ടുത്ത നേതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ അതുല്യമായ സ്ഥാനത്തെ വെല്ലുവിളിക്കാനുള്ള ശ്രമമായി അവരുടെ വിമർശനത്തെ കാണാം.

മറുപടിയായി, ദൈവം മോശയെ പ്രതിരോധിക്കുന്നു, അവൻ ഏറ്റവും വിശ്വസ്തനായ ദാസനും ദൈവത്തോട് മുഖാമുഖം സംസാരിക്കുന്ന ഒരു പ്രവാചകനുമാണെന്ന് പ്രഖ്യാപിച്ചു. മിര്യാമിന് അവളുടെ വാക്കുകളുടെ അനന്തരഫലമായി കുഷ്ഠരോഗം ബാധിച്ചു. അവളുടെ പ്രവൃത്തികളുടെ തീവ്രത ഊന്നിപ്പറയുന്ന ഒരു ശിക്ഷയായിരുന്നു അത്. മിര്യാമിന്റെ മാനുഷികമായ പിഴവുകൾ–അഹങ്കാരം, അസൂയ, അധികാരത്തോടുള്ള ആഗ്രഹം എന്നിവ വെളിപ്പെടുത്തുന്നു. കുടുംബങ്ങളിലും സമൂഹങ്ങളിലും ഒന്നിലധികം ആളുകൾ അധികാര സ്ഥാനങ്ങൾ പങ്കിടുമ്പോൾ ഉണ്ടാകുന്ന പിരിമുറുക്കത്തിനും ഈ സന്ദർഭം അടിവരയിടുന്നു. എന്നിരുന്നാലും, വളർച്ചയ്ക്കും അനുരഞ്ജനത്തിനും ഇത് അവസരമൊരുക്കുന്നു. മിര്യാമിന്റെ ശിക്ഷ താൽക്കാലികമാണ്, ഒടുവിൽ അവൾ സുഖം പ്രാപിച്ചു, തെറ്റുപറ്റുന്നവരിലേക്കും ദൈവത്തിന്റെ കരുണ വ്യാപിക്കുന്നുവെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

അവൾക്ക് ദൈവവുമായി അഗാധമായ ബന്ധമുണ്ടായിരുന്നെങ്കിലും, അഹങ്കാരത്തിന്റെയും അസൂയയുടെയും പ്രലോഭനങ്ങളിൽ നിന്ന് അവൾ മോചിതയായില്ല, പലപ്പോഴും അധികാര സ്ഥാനങ്ങൾക്കൊപ്പമുള്ള വികാരങ്ങൾ അവൾക്കുണ്ടായിരുന്നു. ആധുനിക സമൂഹങ്ങളിൽ, പ്രത്യേകിച്ച് നേതൃത്വപരമായ സന്ദർഭങ്ങളിൽ ഐക്യത്തിന്റെയും വിനയത്തിന്റെയും ആവശ്യകതയെക്കുറിച്ച് ഈ ഭാഗം നമ്മെ ബോധ്യപ്പെടുത്തുന്നു.

4. മിര്യാമിന്റെ മരണവും പാരമ്പര്യവും (സംഖ്യകൾ 20:1, മീഖാ 6:4)

സംഖ്യാപുസ്തകം 20:1–ൽ വിവരിച്ചിരിക്കുന്നതുപോലെ മിര്യാമിന്റെ മരണം സംഭവിക്കുന്നത് ഇസ്രായേല്യർ മരുഭൂമിയിലായിരുന്ന സമയത്തിനു തൊട്ടുപിന്നാലെയാണ്. അവൾ കാദേശിൽ വച്ച് മരിക്കുന്നു, ഇസ്രായേല്യരുടെ വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയുടെ തുടർയാത്രയിലേക്ക് നയിക്കുന്ന സംഭവങ്ങളുടെ ഒരു പരമ്പരയുടെ പശ്ചാത്തലത്തിലാണ് അവളുടെ മരണം ശ്രദ്ധിക്കപ്പെടുന്നത്. അവളുടെ മരണം പ്രാധാന്യമുള്ളതാണെങ്കിലും, അവളുടെ മരണത്തെക്കുറിച്ചുള്ള വിശദമായ വിവരണം ബൈബിൾ നൽകുന്നില്ല. എന്നിരുന്നാലും, ഒരു പ്രവാചകിയും നേതാവും എന്ന നിലയിലുള്ള അവളുടെ പൈതൃകം പലായനത്തിലെ അവളുടെ പങ്കിന്റെയും ഇസ്രായേല്യരുടെ ആത്മീയവും സാമുദായികവുമായ ജീവിതത്തിന് അവൾ നൽകിയ സംഭാവനകളുടെ ഓർമ്മയിലൂടെ തുടരുന്നു.

ഇസ്രായേല്യരെ നയിക്കാൻ ദൈവം നൽകിയ കൂട്ടായ നേതൃത്വത്തിന്റെ ഭാഗമായി പ്രവാചകൻ അവളെ പരാമർശിക്കുന്ന മീഖായുടെ പുസ്തകത്തിൽ മിര്യാമിന്റെ പാരമ്പര്യം അംഗീകരിക്കപ്പെട്ടിരിക്കുന്നു. 'ഞാൻ നിന്നെ മിസ്രയീം ദേശത്തു നിന്ന് പുറപ്പെടുവിച്ചു. അടിമ വീട്ടിൽ നിന്ന് നിന്നെ വീണ്ടെടുത്തു. മോശയേയും അഹറോനേയുംമിര്യാമിനേയും നിന്റെ മുമ്പിൽ അയച്ചു' (മീഖാ 6:4). ഈ ഭാഗത്തിൽ മോശയ്ക്കും അഹരോനുമൊപ്പമാണ് അവളെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇസ്രായേല്യരുടെ ആത്മീയവും സാമൂഹികവുമായ വികസനത്തിന് മിര്യാമിന്റെ നേതൃത്വം അത്യന്താപേക്ഷിതമാണെന്ന് കാണിക്കുന്നു. പലായനത്തിലെ അവളുടെ പങ്ക് മാത്രമല്ല, ജനങ്ങളുടെ വിശ്വാസത്തിനും ഐക്യത്തിനും അവൾ നൽകിയ സംഭാവനകളും വലുതാണ്.

മിര്യാം ഒരു നേതാവും, ഒരു പ്രവാചകിയും, വലിയ വിശ്വാസത്തിന്റെ വ്യക്തിത്വവുമാണ്, എന്നാൽ അവൾ അസൂയയും അഭിമാനവും കൊണ്ട് പോരാടുന്ന ഒരു വ്യക്തിയാണ്. തന്റെ സഹോദരനെ സംരക്ഷിക്കുന്ന ഒരു പെൺകുട്ടിയിൽ നിന്ന് ആദരണീയനായ നേതാവിലേക്കും പ്രവാചകിയിലേക്കുമുള്ള യാത്രയിൽ അവളുടെ പ്രധാന പങ്ക് പ്രകടമാക്കുന്നു. അവളുടെ ജീവിതം സംഘർഷവും വെല്ലുവിളിയും നിറഞ്ഞതാണെങ്കിലും, നേതൃത്വത്തിന്റെ സങ്കീർണ്ണത, വിശ്വാസത്തിന്റെ പ്രാധാന്യം, വളർച്ചയ്ക്കും അനുരഞ്ജനത്തിനുമുള്ള കഴിവ് എന്നിവയുടെ ഓർമ്മപ്പെടുത്തലായി മിര്യാം നിലനിൽക്കുന്നു. അവളുടെ ഉദാഹരണത്തിലൂടെ, നേതൃത്വം എന്നത് അധികാരം മാത്രമല്ല, വിനയം, വിശ്വസ്തത, മറ്റുള്ളവരുടെ ക്ഷേമത്തിനായുള്ള ആഴത്തിലുള്ള പ്രതിബദ്ധത എന്നിവയും കൂടിയാണെന്ന് കാണുന്നു.

ചുരുക്കത്തിൽ, ഒരു നേതാവെന്ന നിലയിൽ മിര്യാമിന്റെ പങ്ക്, അവളുടെ ധീരമായ വിശ്വാസം, ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിൽ അവളുടെ പ്രാധാന്യം എന്നിവ ഇന്നും പ്രാധാന്യമർഹിക്കുന്നു. നമ്മുടെ സ്വന്തം നേതൃത്വം, മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധങ്ങൾ, നയിക്കാനും പുനഃസ്ഥാപിക്കാനുമുള്ള ദൈവത്തിന്റെ കഴിവിലുള്ള വിശ്വാസം എന്നിവ പരിശോധിക്കാൻ അവളുടെ കഥ നമ്മെ പ്രചോദിപ്പിക്കുന്നു.

❑



കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഗവർണറുടെ വസതിയിൽ ഒരുക്കിയ ക്രിസ്തുമസ് വിരുന്നിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പങ്കെടുത്തു. കേരളത്തിലെ വിവിധ മത, രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുത്ത ചടങ്ങിൽ മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മനും സന്നിഹിതനായിരുന്നു.

അപേക്ഷ ക്ഷണിച്ചു


ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ നേതൃത്വത്തിൽ നടത്തുന്ന മലങ്കരസഭയുടെ വിശ്വാസ പരിശീലന പഠന പദ്ധതിയായ ദിവ്യബോധനം കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. ഈ വർഷം നാലു കോഴ്സുകളാണ് നടത്തുന്നത്. അപേക്ഷിക്കേണ്ട അവസാന തീയതി: ഡിസംബർ 31. അന്വേഷണങ്ങൾക്ക്: Mob: 09745693682, 09446710638

Web: www.divyabodhanam.org www.ots.edu.in
Email: divyabodhanamots@gamil.com

പുസ്തകം

വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകൾ വാല്യം രണ്ട്

"പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെ 'കത്തുകൾ രണ്ടാം വാല്യ'ത്തിലും, ഭാരതത്തിലെ മാർത്തോമ്മൻ പൈതൃകത്തിന്റെ നേരായ കൈയൊപ്പ് ഭാസുരശോഭയിൽ തെളിഞ്ഞു വരുന്നു. ഭാരതത്തിലെ മാർത്തോമ്മൻ പൈതൃകത്തിന്റെ നേരായ കൈയൊപ്പ് എന്നാൽ എന്താണ്, അതിന്റെ അവകാശം പ. വട്ടശ്ശേരിൽ തിരുമേനി എങ്ങനെ കൈകാര്യം ചെയ്തു, എന്ന് അന്വേഷിക്കുന്നവർക്കേ വട്ടശ്ശേരിൽ തിരുമേനിയെ നേരായി മനസ്സിലാക്കാൻ കഴിയൂ. ... പ. വട്ടശ്ശേരിൽ തിരുമേനിയുടെ കാര്യസ്ഥതയുടെയും കൈയൊപ്പിന്റെയും ചൂടും ചൂരും വഹിച്ച താളുകളാണ് ആ പിതാവിന്റെ നൂറുകണക്കിനു കത്തുകൾ. ആ കത്തുകൾ പലതിനും പ്രാർത്ഥനയുടെ സുഗന്ധവും, വചനത്തിന്റെ പൊരുളും കണ്ണീരിന്റെ ലവണവുമുണ്ട്."



– ഫാ. ഡോ. ജേക്കബ് കുര്യൻ

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം
വില: 250 രൂപ

വചനതീർത്ഥം



ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ച (വംശാവലി ഞായറാഴ്ച)

(വി. മത്തായി 1:1–17)

ഫാ. മോൻസി ഫിലിപ്പ്

കർത്താവിന്റെ ജനനപ്പെരുന്നാളിന് തൊട്ടുമുമ്പായി വരുന്ന ഞായറാഴ്ച, 'വംശാവലി ഞായർ' എന്നുകൂടെ അറിയപ്പെടുന്ന ദിവസമാണ്. വേദഭാഗം വി. മത്തായി 1:1–17 വരെ. സകല വിശ്വാസികളുടെയും പിതാവായ അബ്രഹാമിന്റെ വംശത്തിൽ, ഇസ്രായേൽ രാജാവും വീണ്ടെടുപ്പുകാരനും ആയിരുന്ന ദാവീദിന്റെ പരമ്പരയിൽ സർവ്വസൃഷ്ടിയുടെയും വീണ്ടെടുപ്പുകാരനായ യേശു ജനിച്ചു എന്ന് ഓർമ്മിപ്പിക്കുന്ന ഭാഗം. മുൻ തലമുറയുടെ സംഭാവനകളെ ഓർമ്മിക്കാതെ പിൻതലമുറകൾക്ക് മുൻപോട്ടു പോകുവാൻ സാധിക്കുകയില്ല. അവരുടെ ജീവിതവും പ്രവർത്തനങ്ങളും ദൈവീകതയിൽ ബന്ധപ്പെട്ടിരിക്കുന്നു. അത് പിൻതലമുറയെ ഓർമ്മിപ്പിക്കുന്നു.

ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം വംശാവലി അവന്റെ ജനനത്തിന്റെ അടിസ്ഥാനരേഖയാണ്. വളരെ പ്രാധാന്യം ഇതിന് നൽകിയിരുന്നു. പഴയനിയമത്തിലെ വിവിധ ഭാഗങ്ങളിൽ നൽകിയിട്ടുള്ള പല വംശാവലികളും ഇതിന് ഉദാഹരണങ്ങളാണ്. (ഉൽപത്തി 22:20, 25:19, 36:1, 46:8, പുറപ്പാട് 6:14, സംഖ്യ 3:14). ഏതൊരു യഹൂദനും സ്വന്തം വംശശുദ്ധി ഉറപ്പായി കാണിക്കുവാൻ സ്വന്തം വംശാവലി സൂക്ഷിക്കണമെന്നായിരുന്നു പ്രണാമം. ലേവ്യ പുരോഹിതന്മാരെ തെരെഞ്ഞെടുക്കുമ്പോൾ നിർബന്ധമായും വംശാവലി ബോദ്ധ്യപ്പെടുത്തണമായിരുന്നു.

യേശുക്രിസ്തുവിന്റെ വംശാവലിയുടെ രണ്ട് വ്യത്യസ്ത രേഖകൾ സുവിശേഷത്തിൽ കാണാം. (വി. മത്തായി 1:1–17, വി. ലൂക്കോസ് 3:23–28). വി. മത്തായി സുവിശേഷം എഴുതിയത് യഹൂദന്മാർക്കായിട്ടായിരുന്നു. ആയതിനാൽ യേശു അബ്രഹാമിന്റെയും ദാവീദിന്റെയും മകൻ എന്നു കാണിക്കുവാൻ അബ്രാഹമിൽ തുടങ്ങി. വി. ലൂക്കോസ് പുറജാതികൾക്കുവേണ്ടിയാകയാൽ യേശു സാക്ഷാൽ മനുഷ്യപുത്രനെന്നു കാണിക്കാൻ ക്രിസ്തു മുതൽ ആദം വരെയുള്ള വംശാവലി എഴുതിയിരിക്കുന്നു.

വേദഭാഗ ചിന്തകൾ

ഇങ്ങനെ തലമുറകൾ ആകെ അബ്രഹാം മുതൽ ദാവീദുവരെ പതിനാലും, ദാവീദ് മുതൽ ബാബേൽ പ്രവാസം വരെ പതിനാലും ബാബേൽ പ്രവാസം മുതൽ ക്രിസ്തുവരെ പതിനാലും ആകുന്നു.

മുൻതലമുറയുടെ മൂല്യവത്തായ ജീവിതം പ്രവർത്തനം സംസ്കാരം എന്നിവ ആദ്ധ്യാത്മിക ജ്യോതിസാൽ പൂരിതമെങ്കിൽ അത് അണയാത്ത നാളമായ് തലമുറകളിലേക്ക് കൈമാറിപ്പെടുകതന്നെ ചെയ്യുന്നു.

പൂർവ്വീകരെ ഓർക്കുന്നത് ഒരു നല്ല സംസ്കാരം എന്ന് ഓർമ്മിക്കുന്നു. അത് പ്രചോദനവും ഊർജ്ജവുമാണ്. മറവി എന്ന മറാരോഗം ബാധിച്ച മനുഷ്യകുലത്തിന് ഇത് ഓർമ്മപ്പെടുത്തലും, പൂർവ്വീകരുടെ നല്ല ദൈവീക പ്രവർത്തനങ്ങൾ പിൻതുടരാനുള്ള ആഹ്വാനം കൂടിയാണ്.

1. ദൈവനിയോഗങ്ങൾ തിരിച്ചറിഞ്ഞ് ജീവിച്ചവർ

അബ്രഹാം തുടങ്ങി ക്രിസ്തുവിൽ വംശാവലി അവസാനിക്കുന്നതിനിടയിൽ പിതാക്കന്മാരുടെ വലിയ നിരതന്നെ കാണുവാൻ സാധിക്കുന്നു. ഇവരൊക്കെ തന്റെ ജീവിതങ്ങളിൽ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ നിന്ന് ദൈവത്തിന്റെ നിയോഗങ്ങളെ തിരിച്ചറിഞ്ഞവരാണ്. വംശാവലി ഉടനീളം നിഴലിച്ചു നിൽക്കുന്നത് സ്നേഹം എന്ന വികാരമാണ്. അത് സ്നേഹബന്ധങ്ങളുടെ പട്ടികയും, തായ്‌വഴികളുമാണ്.

"കണ്ടുമുട്ടുന്ന ഓരോ വ്യക്തികളും ജീവിതത്തിൽ ഉണ്ടാകുന്ന ഓരോ സംഭവങ്ങളും ഗുരുക്കന്മാരാണ്" – ഓ. വി. വിജയൻ.

എല്ലാവർക്കും എന്തെങ്കിലുമൊക്കെ പാഠങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് പകരുവാൻ സാധിക്കും. ദൈവത്തിന്റെ ശബ്ദം കേട്ടവർ അവനെ പിൻതുടരുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിൽ അവർ ദൈവത്തെ തിരിച്ചറിഞ്ഞു. അവനിൽ വിശ്വസിച്ചു. ദൈവനിയോഗങ്ങൾ തിരിച്ചറിഞ്ഞവരുടെ ജീവിതം.

1. വിശ്വാസമാർഗ്ഗത്തിൽ ആയിരുന്നു.
2. ദൈവത്തോടു ചേർന്നു നടന്നവർ ആയിരുന്നു.
3. ദൈവത്തെ പ്രസാദിപ്പിച്ചവർ ആയിരുന്നു.
4. ദൈവത്തെ അനുസരിച്ചവരായിരുന്നു.
5. ആരാധനാ മനുഷ്യർ ആയിരുന്നു.

ജീവിതത്തിൽ ചില പാഠങ്ങൾ പകരുന്നവരിലൂടെ ദൈവസ്നേഹത്തേയും ദൈവീക പ്രവർത്തനങ്ങളേയും നാം തിരിച്ചറിയണം. ദൈവത്തോട് ചേർന്ന് നിൽക്കുന്നവനോ, അല്ലാത്തവനോ ആരായാലും അവരിലൂടെയൊക്കെ ദൈവം നമ്മുടെ ജീവിതത്തെ നന്മ നിറഞ്ഞതാക്കുവാൻ ഉതകുന്ന സന്ദേശങ്ങൾ നൽകുന്നു. അത് തിരിച്ചറിയുവാനുള്ള മനസ്സ് ജീവിതം മനോഹരമാക്കും. ഒരു നല്ല മനുഷ്യനെ തിരിച്ചറിയുന്നത് മൂന്ന് കാര്യങ്ങളിലൂടെ.

1. സംസാരത്തിലൂടെ
2. പ്രവൃത്തിയിലൂടെ
3. ജീവിതത്തിലൂടെ

2. സാധാരണമായതിൽ അസാധാരണ പുലർത്തിയവർ

സാധാരണയായി വംശാവലിയിൽ പുരുഷന്മാരുടെ പേരുകൾ മാത്രമേ യഹൂദന്മാർ ചേർക്കാറുള്ളൂ. സ്ത്രീകൾ നിയമപരമായ അവകാശങ്ങൾ ഒന്നുമില്ലാത്ത 'വസ്തു' എന്നായിരുന്നു ചിന്ത. അതിനാൽ സ്ത്രീകളുടെ പേരുകൾ ചേർക്കില്ല. എന്നാൽ വി. മത്തായി വംശാവലിയിൽ നാലു സ്ത്രീകളെ ഉൾപ്പെടുത്തിയിരുന്നു.

1. താമാർ (ഉല്. 3–:27–30)
2. രാഹാബ് (യോശു. 2:1–7)
3. രൂത്ത് (1:14)
4. ബേത്ശേബാ (2 ശമു. 4:12)

ഇവരിൽ താമാറും, രാഹാബും ബേത്ശേബയും രൂത്ത് എന്നിവർ വിജാതീയരും താമാർ, രാഹാബ്, ബേത്ശേബാ എന്നിവർ വേശ്യാദോഷത്തിൽ ഉൾപ്പെട്ടവരുമായിരുന്നു. വിശുദ്ധരായ പല സ്ത്രീകളുടെയും പേരുകൾ ഉപേക്ഷിച്ച് ഇവരുടെ പേരുകൾ ചേർക്കുവാൻ കാരണം ചിന്തനീയമാണ്. ദൈവത്തിന്റെ മഹാകരുണയേയും നന്മയേയും സൂചിപ്പിക്കുന്നതിനുവേണ്ടി ആയിരിക്കണം. ദുഷ്ടതയോ, ഹീനതയോ സന്മാർഗ്ഗത്തിലേക്കു തിരിയുന്നതിന് തടസ്സമല്ലയെന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു. പാപമാലിന്യമുണ്ടായിരുന്നവരെ കർത്താവു വെറുക്കുകയില്ല, പാപത്തെ വെറുത്ത് പാപിയെ സ്നേഹിച്ച് അവരുടെ സ്നേഹിതനായി തീരുകയും ചെയ്തു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ സ്ത്രീകൾക്കുള്ള സ്ഥാനവും ഒപ്പം വി. മറിയാമിനുള്ള പ്രത്യേക സ്ഥാനവും ഇവിടെ വി. മത്തായി കാണിക്കുന്നു. സ്ത്രീ കേവലം ഉപഭോഗവസ്തുവല്ല. നേരെമറിച്ച് ചരിത്രം, സംസ്കാരം, ജനത ഇവയുടെയെല്ലാം കാരണഭൂതയാണ്.

ആൾകൂട്ടത്തിന്റെ ഒഴുക്കിലും ഓളത്തിലും ഗതിയിലും പോകുന്നവരെക്കാൾ ദൈവത്തിനാവശ്യം അസാധാരണമായവരുടെ പരികർമ്മികളായവരെയാണ്.

"സംഘങ്ങളിൽ മുങ്ങി മരിക്കുന്ന വ്യക്തികൾ" - ആനന്ദ്

ദൈവം തെരഞ്ഞെടുത്തവർ ആൾക്കൂട്ടത്തിൽ മുങ്ങി മരിക്കേണ്ട വ്യക്തികളല്ല, അവർ ജനതകളുടെ വിചാര സ്വഭാവ സംസ്കാര അടിത്തറകളെ കൊത്തിയെടുക്കേണ്ട ശില്പികളാണ്. വംശാവലിയിലെ സ്ത്രീകഥാപാത്രങ്ങൾ അസാധാരണമായ ജീവിത സാഫല്യത്തിലേക്ക് നടക്കാൻ ധൈര്യപ്പെട്ടു.

"സാധാരണമായി ജീവിച്ചാൽ മതി പക്ഷേ അസാധാരണമായ വഴികളിലൂടെ യാത്ര ചെയ്യണം. അസാധാരണമായ കർത്തവ്യങ്ങൾ പൂർത്തീകരിക്കണം." എങ്കിൽ മാത്രമേ തലമുറകൾ ഓർക്കുകയുള്ളൂ.

വി. മത്തായി, വി. ലൂക്കോസ് അവതരിപ്പിക്കുന്ന വംശാവലിയിൽ നിന്ന് മനസ്സിലാകുന്ന സത്യങ്ങൾ.

1. യേശുക്രിസ്തു ഒരു യഥാർത്ഥ മനുഷ്യനും ചരിത്രപുരുഷനുമാണ്.
2. യേശുക്രിസ്തു ദൈവപുത്രനാണ്.
3. യേശുക്രിസ്തു കന്യകയിൽ നിന്നും ജനിച്ചു.
4. നിയമപരമായി യേശുവിന്റെ പിതൃത്വം യോസഫിന് നൽകുന്നു.
5. അബ്രഹാമിനോടും ദാവീദിനോടും ദൈവം ചെയ്ത വാഗ്ദാനം യേശുക്രിസ്തുവിൽ നിറവേറുന്നു.
6. പഴയനിയമത്തിലെ വരുവാനിരിക്കുന്ന മശിഹാ ക്രിസ്തു തന്നെയാണ്.
7. സാർവ്വത്രിക ദർശനത്തിലേക്കും വിജാതിയരുടെ രക്ഷയിലേക്കും വിരൽ ചൂണ്ടുന്നു.

വംശാവലിയിലെ പൂർവ്വീകർ ദൈവത്തെ പ്രണയിച്ചവരാണ്.


ദൈവത്തെ പ്രണയിക്കേണ്ടത് എങ്ങനെയെന്ന് സൂഫി സന്യാസിമാർ പഠിപ്പിക്കുന്നു. "സ്വയം നഷ്ടപ്പെടുത്തി, ഭാരങ്ങൾ എറിഞ്ഞു കളഞ്ഞ്, ഭയമകറ്റി, കരുണയാൽ ഹൃദയം നിറച്ച് പുറപ്പെടുക. ഓരോ ചുവടും സ്നേഹാന്വേഷണമാക്കുക.

ബിനു കെ. സാമിനും ഡോ. ബിനോയി ടി. തോമസിനും ഫാ. പി.എ. ശമുവേൽ ഗുരുശ്രേഷ്ഠ പുരസ്കാരം



ബിനോയ് ടി. തോമസ്, ബിനു കെ. സാം

തണ്ണിത്തോട്: കേരള കൗൺസിൽ ഓഫ് ചർച്ചസ് സോൺ ഏർപ്പെടുത്തിയ ഫാ. പി. എ. ശമുവേൽ പുരസ്കാരം പത്തനംതിട്ട സെന്റ് മേരീസ് ഹൈസ്കൂൾ ഭാഷാ അധ്യാപകനായ ബിനു കെ. സാമിനും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ബർസാർ ഡോ. ബിനോയി ടി. തോമസിനും. കുടിയേറ്റ ഗ്രാമമായ തണ്ണിത്തോടിന്റെ സാമൂഹിക, സാംസ്കാരിക, ആത്മീയ വളർച്ചയ്ക്ക് ചുക്കാൻ പിടിച്ച ഫാ. പി.എ. ശമുവേൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് സുറിയാനി വിഭാഗം തലവനും ആയിരുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരമാണ് ഇക്കുറി നൽകുന്നത്. ഡോ.ബിനോയ് ടി. തോമസ് കാതോലിക്കേറ്റ് കോളജ് സസ്യശാസ്ത്ര വിഭാഗം അധ്യക്ഷൻ കൂടിയാണ്. രാജ്യാന്തര ഭാഷാപരിശീലകനായ ബിനു കെ. സാം, ഭാഷയിലെ തെറ്റും ശരിയും പറയുന്ന പതിരും എന്ന പംക്തിയിലൂടെ ശ്രദ്ധേയനാണ്. സംസ്ഥാന പാഠപുസ്തക സമിതി അംഗം കൂടിയാണ്.



മലങ്കര ഓർത്തഡോക്സ് സഭയുടെ പരുത്തുംപാറയിൽ ആരംഭിച്ച ആയുർവേദ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററായി കോട്ടയം മെത്രാസന സെക്രട്ടറി ഫാ. കെ. എം. സഖറിയയെ പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു.



കേരള കാർഷിക സർവകലാശാലയിൽ നിന്നും അഗ്രിക്കൾച്ചറൽ സയൻസിൽ മനിഷ എൽസ ജേക്കബിന് (കൃഷി ഓഫിസർ, മാടപ്പള്ളി കൃഷി ഭവൻ) ഡോക്ടറേറ്റ് ലഭിച്ചു. വാകത്താനം ജറുശലേം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. കാസർഗോസ് മുഞ്ഞനാട്ട് കടുപ്പിൽ ജേക്കബ് എം. ഇ. യുടേയും ഷേർലി ജേക്കബിന്റെ മകളും വാകത്താനം തെക്കേക്കര ഡോ. അനിഷ് മാത്യു കുര്യാക്കോസിന്റെ ഭാര്യയുമാണ്.

ഇനിയില്ല സ്നേഹത്തണൽ

ശുദ്ധവായു പോലും കടന്നുവരാൻ മടിച്ചിരുന്ന ചേരികളിലെ കുട്ടികൾക്ക് അധ്യാപിക; അഭയാർഥി ക്യാംപുകളിൽ വസ്ത്രങ്ങളും മരുന്നുകളുമായി എത്തിയിരുന്ന സഹായി, സാംസ്കാരിക മേഖലയിൽ ചുറുചുറുക്കോടെ പ്രവർത്തിച്ചിരുന്ന മലയാളി! 4 പതിറ്റാണ്ടോളം രാജ്യ തലസ്ഥാനത്തെ സന്നദ്ധ പ്രവർത്തനങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്ന ഷീബ വർഗീസിന്റെ വിയോഗം ഉറ്റവർക്കെന്ന പോലെ ആശ്രിതർക്കും തീരാ നഷ്ടമാണ്.

1980-കളിൽ രാജ്യതലസ്ഥാനത്തെത്തിയ അഫ്ഗാൻ അഭയാർഥി കുട്ടികളെ ഇംഗ്ലിഷ് അഭ്യസിപ്പിക്കാൻ ഫരീദാബാദിൽ സിൻ (സേർവിങ് പീപ്പിൾ ഇൻ നീഡ്) എന്ന പേരിൽ സ്നേഹഭവനമൊരുക്കിയ ചാണ്ടി വർഗീസിന്റെ മകളാണ് ഷീബ. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥനായിരുന്നു വർഗീസ്. 35 വർഷത്തെ സേവനം അവസാനിപ്പിച്ച ശേഷവും സന്നദ്ധ പ്രവർത്തനങ്ങൾക്കായി ചാണ്ടി വർഗീസ്, ഭാര്യ മറിയാമ്മയ്ക്കും മക്കളായ ഷീബ, സാറ, ബീന എന്നിവർക്കുമൊപ്പം ഡൽഹിയിൽ തുടർന്നു. ഷീബ പഠിച്ചതും വളർന്നതും ഡൽഹിയിൽ തന്നെയായിരുന്നു. ബിരുദ പഠനം പൂർത്തിയാക്കിയ ശേഷം പിതാവിന്റെ സേവന പാത പിന്തുടർന്നു.

ആശ്രയം ഇല്ലാത്ത കുട്ടികളെ പുനരധിവസിപ്പിക്കാൻ 2000-ൽ ആശ്രയ ഭവനും പെൺകുട്ടികൾക്കായി 2008-ൽ ആശാ ഭവനും സ്ഥാപിച്ചു. മരുന്നിനും



ഭക്ഷണത്തിനും പഠന സഹായത്തിനുമുൾപ്പെടെ തന്നെ സമീപിച്ചവർക്കു സഹായമായി. 2017-ൽ ആശ്രയ ഭവൻ ബാധിര-മൂക വിദ്യാർത്ഥികളെ പുനരധിവസിപ്പിക്കാനുള്ള റിസോഴ്സ് സെന്റർ ആക്കി മാറ്റി. ഫരീദാബാദ് സെക്ടർ മുന്നിൽ ഒരു ചേരി സ്കൂളും ആരംഭിച്ചു. ലാജ് പത് നഗറിലെ അഫ്ഗാൻ സ്കൂളിലും ഷീബ സഹായങ്ങൾ എത്തിച്ചിരുന്നു.

ഭർത്താവ് സഞ്ജയ് റാഫേൽ വർഗീസും മക്കളായ കെവിനും മന്നയും സർവ പിന്തുണയുമായി ഷീബയ്ക്കൊപ്പമുണ്ടായിരുന്നു. വൈഡബ്ല്യുസിഎ യുടെ സജീവ പ്രവർത്തകയായിരുന്നു.

വൈഡബ്ല്യുസിഎ ഡൽഹി ഘടകത്തിന്റെ വിവിധ പദവികൾ വഹിച്ചിരുന്ന ഷീബ പിന്നീട് ദേശീയ ബോർഡു മെംബറും വൈസ് പ്രസിഡന്റുമായി. നിലവിൽ ദേശീയ ട്രഷററായി പ്രവർത്തിച്ചുവരികയെയാണ് അർബുദത്തിന് കീഴടങ്ങി യാത്രയായത്.



SUNDAY BEFORE THE NATIVITY OF OUR LORD

(St. Matthew 1:1-17)

God's Promise Kept

Dn. Aaron Joshua John

The genealogy of Jesus Christ, a lineage that, at first glance, may seem only like a historical record, but upon closer reflection, unveils profound truths about God's redemptive plan. This genealogy, stretching from Abraham to Joseph, reveals God's faithfulness across generations and how He fulfilled His promises through the arrival of the Messiah, our Lord and Saviour, Jesus Christ. This message is not only a recounting of ancestry but a declaration of hope, renewal, and divine fulfilment.

The season of Yeldo Perunal calls us to rejoice in the light that has come into the world, a light that dispels darkness and brings salvation to all. As we celebrate the birth of Christ, we remember that this sacred event fulfils the long-anticipated promises made to God's people and connects us to the deeper currents of salvation history found in the Old Testament.

1. God's Faithfulness Across Generations: A Promise Fulfilled

The genealogy in St. Matthew opens with Abraham, reminding us of God's covenantal promise that Abraham's descendants would bless all nations. In Romans 4:13-21, St. Paul reflects on Abraham's unwavering faith, stating that he "did not waver through unbelief," but was "fully persuaded that God had the power to do what He had promised." This faith is realized in Jesus, the seed of Abraham, through whom all nations are indeed blessed. The genealogy also includes David, fulfilling the prophecy of a royal lineage for the Messiah. God's covenant with David promised an eternal kingdom (1 Kings 9:3-7), a kingdom that would transcend earthly empires and be established in the eternal reign of Christ. This lineage affirms that Jesus is not only the Messiah but the fulfilment of every promise God made to Israel. We also see individuals like Ruth and Rahab, non-Israelites included in Jesus' ancestry, symbolizing God's mercy and the universality of salvation. As we approach Yeldo, this is a time to reflect on the inclusiveness of Christ's kingdom, reminding us that His love and salvation are for all people. Just as the branches of Jesus' genealogy include many unexpected individuals, so too does God call us, each with our own unique histories, to be part of His kingdom.

2. The Root of Jesse: A New Beginning and the Peace of the Messiah

Isaiah 11:1-9 speaks of a shoot springing from the "stump of Jesse," prophesying that a new branch would rise from the lineage of David to bring justice, peace, and righteousness to the earth. Jesus is this branch, the source of new life springing forth from the old, and the one who fulfils Isaiah's vision of a world where "the wolf shall live with the lamb," symbolizing the peace and reconciliation brought by Christ's reign. This vision of harmony, where the natural world is at peace, is a foretaste of the Kingdom of Heaven, which Jesus brings into reality through His birth. In Acts 3:20-26, St. Peter speaks of Jesus as the "prophet like Moses" whom God raised up to bless and restore the people of Israel. Yeldo Perunal, therefore, celebrates not only the birth of the Messiah but also the dawning of God's Kingdom, a kingdom of peace and renewal. Just as God raised up prophets and leaders like Moses to guide His people, He raised up Christ to be the ultimate mediator and Saviour, fulfilling the prophecies and reconciling us to Himself. This is a call for us to renew our hearts and lives, to strive toward unity, and to embrace the peace that Christ's arrival brings into the world.

The genealogy of Jesus and the Feast of Yeldo Perunal together remind us of a profound truth: God is always faithful to His promises. This long lineage, which may appear as mere names, is a testimony to God's unwavering dedication to His people, a God who works through history, guiding it toward His ultimate purpose. Through generations of faith and struggle, through kings, prophets, and ordinary men and women, God prepared the way for the Messiah. And in Christ, every hope, every promise, every prophecy finds its fulfilment. As we celebrate Yeldo Perunal, let us remember that the light of Christ dispels all darkness and brings life where there was once only the shadow of death. May we open our hearts to this light, allowing it to transform us, to lead us closer to God, and to fill us with the hope and peace that only Jesus can provide.

The Light of the Incarnation by the Fire-Pit

The Incarnation of our Lord Jesus Christ, the profound mystery of God becoming man. This feast proclaims the great love and humility of God, who entered human history to dwell among us, to redeem us, and to restore all creation. The fire-pit (Theejwala) is a symbol of light and warmth, a gathering place where stories are shared, and the bonds of community are strengthened. This image beautifully mirrors the central truth of the Incarnation: Jesus, the Light of the World, stepped into the darkness of our brokenness to illuminate the way to salvation. Like the shepherds and wise men, let's gather around this Light and rejoice in the Good News of Christ's birth.



1. The Prophecies Fulfilled: Christ, the Light of the World

The Old Testament is filled with promises and prophecies that pointed to the coming of the Messiah. The words of Isaiah in chapter 9:1-7 speak of a great light shining upon those who dwell in darkness. This prophecy finds its fulfilment in the birth of Jesus, whose arrival brings peace and righteousness. Similarly, Micah 5:1-4 foretells the humble origins of the Saviour, born in Bethlehem, who will shepherd His flock in the strength of the Lord. The Gospel of St. Luke (2:1-14) recounts the humble yet glorious moment of Christ's birth. Born in a manger, surrounded by animals, and announced to shepherds, this episode embodies the humility of our Saviour and the reversal of worldly expectations. The King of kings comes not in power but in meekness, reminding us that God's ways are not our ways. The Letter to the Hebrews (1:1-12) exalts the supremacy of Christ, affirming that He is not merely a messenger but the eternal Son of God, the radiance of the Father's glory. The Incarnation fulfils God's plan, revealing His love and bringing light to a world overshadowed by sin and death.

2. The Response of Faith: From Darkness to Redemption

In the Gospel of St. Matthew (2:1-12), the wise men, who, guided by the star, journeyed to worship the Christ Child. Their story teaches us about the response of faith, they left their comfort, followed the light, and brought their gifts to the Saviour. Their journey represents humanity's quest for redemption, a journey from the darkness of ignorance into the light of truth. This light is further emphasized in St. John's Epistle (1:1-10), where he proclaims that God is light, and in Him, there is no darkness. Through the Incarnation, this divine light enters the human experience, calling us into fellowship with God. However, this fellowship requires a response, the acknowledgment of our sin and the acceptance of Christ as the redeemer who cleanses us. The Apostle Paul, in Galatians (3:23-4:7), reminds us that the Incarnation inaugurates a new era of grace. No longer are we bound by the law as slaves; through Christ, we are adopted as children of God, heirs of His kingdom. This transformation from slaves to sons highlights the redemptive power of the Incarnation, inviting us to embrace our identity as beloved children of God.

By the Fire-Pit of Christ's Love

Beloved, the fire-pit symbolizes warmth, light, and the gathering of people, a perfect image for what the Incarnation accomplishes. Jesus Christ, the Light of the World, draws us into His warmth, dispels the darkness of sin, and unites us as one family under God.

Let this celebration of Yeldo, bring our hearts to the manger, offer not just gold, frankincense, and myrrh, but also our faith, our hope, and our love. Let us, like the shepherds and wise men, respond to the light of Christ with joy and thanksgiving, sharing this light with a world still longing for redemption. May the Incarnate Word, who became flesh and dwelt among us, continue to shine in our lives, warming our hearts and guiding our steps. And may the joy of this holy season inspire us to live as children of the Light, bearing witness to the great love of God revealed in the face of Jesus Christ.

❑



The newly built shrine at STOTS, dedicated to St. Mary, was consecrated by Alexios Mar Eusebius Metropolitan. All faculty members and students participated in the service.



മുളന്തുരുത്തി മാർത്തോമൻ പള്ളി ജൂബിലി പെരുന്നാൾ കൊടിയേറ്റ് ഡോ. ജോസഫ് മാർ ദീവന്നാസിയോസ് നിർവ്വഹിച്ചു.



കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി കുടുംബത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ് കരോൾ സന്ധ്യ സെറാംപൂർ സർവ്വകലാശാല പ്രസിഡൻറ് ഡോ. സഖറിയാസ് മാർ അപ്രേം മെതാപ്പോലിത്താ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.



പരുമല സെമിനാരിയില് വെച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തിയ ഗീവർഗീസ് റമ്പാൻ. ശൂരനാട് മൗണ്ട് സീനായ് ആശ്രമം സുപ്പീരിയറായി പ്രവർത്തിച്ചു വരികയാണ്. ഓതറ സെന്റ് മേരീസ് ദേവാലയം ആണ് മാതൃ ഇടവക.



തിരുവനന്തപുരം യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് (UCM) സംഘടിപ്പിച്ച 74- ാമത് ക്രിസ്മസ് സംഗമം കവടിയാർ സാൽവേഷൻ ആർമി ദേവാലയത്തിൽ നടന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തു മുഖ്യ സന്ദേശം നൽകി.



ഗാല സെൻറ് മേരീസ് പള്ളിയിൽ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെയും മർത്തമറിയം വനിതാ സമാജത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കോൺഫ്രൻസ് (TEHILLAH 2024) നടന്നു. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് ഉദ്ഘാടനം ചെയ്തു.





കോട്ടയത്ത് നിന്നും പാമ്പാടി ദയറ വഴി ഓടി തുടങ്ങിയ പുതിയ കെ.എസ്.ആർ.ടി.സി. ബസിലെ ജോലിക്കാരോട് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സൗഹൃദ സംഭാഷണം നടത്തുന്നു.



ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ ഭദ്രാസന മെത്രാപ്പോലീത്ത ല ഡോ. മാത്യൂസ് മാർ തിമോത്തിയോസ് ചെങ്ങന്നൂർ ഭദ്രാസന ഫെസ്റ്റിന്റെ ലോഗോ പ്രകാശനം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, ഫാ. ഫിലിപ്പ് തരകൻ തേവലക്കര, സുവിശേഷ സംഘം ഡയറക്ടർ ഫാ. കുര്യൻ ജോസഫ്, ഇടവക വികാരി ഫാ. സ്റ്റീഫൻ വർഗീസ്, പ്രൊഫ. എ. ഒ. വർഗീസ്, സജി പട്ടരുമഠം എന്നിവർ സന്നിഹിതരായിരിന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാവേലിക്കര ഭദ്രാസന സെക്രട്ടറിയായി ഫാ. ജോൺസ് ഈപ്പൻ തിരഞ്ഞെടുക്കപ്പെട്ടു. കുന്നം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു. പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ആണ് മാതൃഇടവക.

Dr. Hrudya Anna James, (member of St George Orthodox Church, Priyambra, Kandanadu East) secured First Rank in INI-SS (Institute of National importance Super Speciality) entrance test for Neurology. Dr. Hrudya Anna James is the Grand-niece of Dr. Thomas Mar Athanasius and Daughter of James Puttanil.

